കേരള സർക്കാർ

കേരള സംസ്ഥാന
ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

പെരിങ്ങോട്ടുകുർശ്ശി ഗ്രാമപഞ്ചായത്ത്
ഓഡിറ്റ് റിപ്പോർട്ട്
2018-19

ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്
e-mail: dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി-15-814/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്

തീയതി: -27-05-2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പെരിങ്ങോട്ടുകുർശ്ശി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പെരിങ്ങോട്ടുകുർശ്ശി ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

****

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരിങ്ങോട്ടുകുർശ്ശി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :</u>-

1) ഡയറക്ടർകേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-പികെഡി-15/814/2020 തീയ്യതി: -27-05-2020

പാലക്കാട് ജില്ലയിലെ പെരിങ്ങോട്ടുകുർശ്ശി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ പെരിങ്ങോട്ടുകുർശ്ശി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 10.11.2018 മുതൽ 18.01.2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ	ശ്രീ എൻ.സതീശൻ ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം	20.01.2020 മുതൽ 29.01.2020 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ	
ശ്രീ.സുമേഷ്. എൻ	ഓഡിറ്റ് ഓഫീസർ
ശ്രീ.രാമകൃഷ്ണൻ കെ പി	അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ശിവപ്രസാദ്.എം	അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ജിജീഷ്.ഏ കെ	ഓഡിറ്റർ

(ബി) നിർവ്വഹണാധികാരികൾ

പ്രസിഡന്റ്	ശ്രീ.എ.വി.ഗോപിനാഥൻ	01.04.18 മുതൽ 31.03.19 വരെ
സെക്രട്ടറി	ശ്രീ.എം. രാമൻകുട്ടി	01.04.18 മുതൽ 25.09.18 വരെ
	ശ്രീമതി സ്മിത കെ സെക്രട്ടറി ഇൻചാർജ്ജ്	26.09.18 മുതൽ 24.10.18 വരെ
	ശ്രീ ബാബു	25.10.18 മുതൽ 24.03.19 വരെ
	ശ്രീമതി സ്മിത കെ സെക്രട്ടറി ഇൻചാർജ്ജ്	25.03.19 മുതൽ 31.03.19 വരെ

(സി) നിർവ്വഹണോദ്യോഗസ്ഥർ

ഉദ്യോഗപ്പേര്	പേര്	കാലയളവ്
കൃഷി ഓഫീസർ	ശ്രീ.എം.ടി മോഹൻ	01.04.18മുതൽ 31.03.19 വരെ
[illegible]	[illegible]	[illegible]

അസിസ്റ്റന്റ് എഞ്ചിനീയർ	ശ്രീമതി.അഞ്ജു.എസ്	1.04.18.മുതൽ 24.11.18 വരെ
	ശ്രീ പി കൃഷ്ണനുണ്ണി	25.11.18 മുതൽ 20.12.18 വരെ
	ശ്രീമതി വിദ്യ കെ കെ	21.12.18 മുതൽ 31.03.19 വരെ
മെഡിക്കൽ ഓഫീസർ,പി.എച്ച്.സി	ഡോ. പ്രവീൺ. കെ. പി	1.04.18മുതൽ 31.03.19വരെ
മെഡിക്കൽ ഓഫീസർ, ആയുർവ്വേദം	ഡോ.ശ്രീജ. കെ.വി	1.04.18മുതൽ 31.03.19വരെ
മെഡിക്കൽ ഓഫീസർ, ഹോമിയോ	ഡോ. സനിജ കോമാട്ടിൽ	1.04.18മുതൽ 31.03.19വരെ
വെറ്ററിനറി സർജ്ജൻ	ഡോ.അൻജു അന്നാ ജെയിംസ്	1.04.18 മുതൽ 31.03.19 വരെ
പ്രധാന അധ്യാപകൻ	ശ്രീ. എം.വി കൃഷ്ണകുമാരൻ	1.04.18 മുതൽ 31.03.19 വരെ
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	ശ്രീ. വെങ്കിടാചലം.ടി.കെ	1.04.18 മുതൽ 31.03.19 വരെ
ഐ.സി.ഡി.എസ് സൂപ്പർവൈസർ	ശ്രീമതി. പ്രമീള	01.04.18മുതൽ 31.03.19 വരെ
അസിസ്റ്റന്റ് സെക്രട്ടറി	ശ്രീമതി. കെ. സ്മിത	1.04.18 മുതൽ 31.03.19 വരെ
ക്ഷീരവികസന ഓഫീസർ	ശ്രീമതി. ജയലക്ഷ്മി	01.04.18മുതൽ 04.06.18 വരെ
	ശ്രീമതി. ഗ്രേസ് തച്ചിൽ	05.06.18മുതൽ 13.06.18 വരെ
	ശ്രീമതി. ഷമ്മ എം എ	14.06.18മുതൽ 30.08.18 വരെ
	ശ്രീമതി. അഫ്സ എം എസ്	31.08.18 മുതൽ 04.10.18 വരെ
	ശ്രീ. അനൂപ് പി എ	05.10.18 മുതൽ 31.03.19 വരെ

ഉള്ളടക്കം

ക്രമ നം.	ഭാഗം 1	ഖണ്ഡിക നമ്പർ
	ഓഡിറ്റ് റിപ്പോർട്ട്	
1	ബജറ്റ്	1-1
2	വാർഷിക ധനകാര്യപത്രിക	1-2
3	സാമ്പത്തിക വിശകലനം	1-3
4	ഫണ്ട് വിനിയോഗം	1-4
5	പദ്ധതി അവലോകനം	1-5
6	ക്ഷേമ പദ്ധതികൾ	1-6
7	ക്യാഷ് പരിശോധന	1-7
8	ആഭ്യന്തരനിയന്ത്രണം	1-8
9	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-9
10	തൊഴിൽ നികുതി രേഖകളുടെ പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ	1-10
11	ഡി&ഒ ലൈസൻസ് - ഭേദഗതി ചട്ടങ്ങൾ പ്രകാരമുള്ള ഫീ ഈടാക്കേണ്ടതാണ്	1-11
12	രശീതി ബുക്കുകളുടെ ഉപയോഗം- നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.	1-12
13	കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ് .	1-13
14	വാടകയുമായി ബന്ധപ്പെട്ട ബൈലോ തയ്യാറാക്കേണ്ടതാണ്.	1-14
15	വസ്തു നികുതി പിരിവ് - അവലോകനം	1-15
16	വസ്തുനികുതിയോടൊപ്പം സേവന ഉപനികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്.	1-16
17	കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ ഒഴിവാക്കിയതുമൂലം 15660/-രൂപയുടെ നഷ്ടം	1-17
18	ടെണ്ടർ നടപടിക്രമങ്ങൾ സ്വീകരിക്കാതെ സിൽക്ക്	1-18

	എന്ന സ്ഥാപനത്തിൽ നിന്നും നിന്നും തെരുവു വിളക്കുകൾ വാങ്ങിയത് ക്രമപ്രകാരമല്ല	
19	റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽനിന്നും ബാരൽ വില ഈടാക്കിയില്ല - പഞ്ചായത്ത് ഫണ്ടിന് 94596രൂപയുടെ നഷ്ടം	1-19
20	കുടിവെള്ള പദ്ധതിക്ക് ജലലഭ്യതാ ടെസ്റ്റ് (യീൽഡ് ടെസ്റ്റ്) നടത്താതെ മോട്ടോറുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച്.	1-20
21	പൊതു ടാപ്പുകളുടെ വെള്ളക്കരം അടവാക്കിയത്-പിഴ ഒടുക്കിയത് അംഗീകരിക്കുന്നില്ല	1-21
22	പൊതു ടാപ്പുകൾ നിർത്തലാക്കിയത് -അഭിനന്ദനാർഹം	1-22
23	തെരുവു വിളക്കുകൾ സ്ഥാപിക്കൽ-നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം അടവാക്കിയിട്ടില്ല	1-23
24	തെരുവു വിളക്കുകൾ മുഴുവനായി മീറ്ററിംഗ് സംവിധാനത്തിലേക്ക് മാറേണ്ടതാണ്	1-24
25	ശമ്പള പരിഷ്കരണ കുടിശ്ശിക - ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടച്ചിട്ടില്ല.	1-25
26	കരാട്ടെ പരിശീലകർക്ക് നിശ്ചിത യോഗ്യത ഉറപ്പാക്കേണ്ടതാണ്.	1-26
27	എസ്.എസ്.എ.ക്ക് വിഹിതം നൽകൽ -	1-27
28	വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്	1-28
29	ഭിന്നശേഷിക്കാർക്ക് ഉപകരണം- നടപടിക്രമങ്ങൾ പാലിച്ചില്ല	1-29
30	ടി.ഡി.എസ്.വിശദാംശങ്ങൾ ലഭ്യമാക്കേണ്ടത് സംബന്ധിച്ച്	1-30
31	കമ്പ്യൂട്ടർ വാങ്ങുന്നതിൽ സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കേണ്ടതാണ്.	1-31
32	അസാധാരണ ചെലവുകൾ-നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.	1-32
33	പാലിയേറ്റീവ്- മാർഗ്ഗരേഖാ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.	1-33

34	പട്ടികജാതിയിൽ പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി-നിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്.	1-34
35	ഹരിതകേരളം മിഷൻ പ്രവർത്തനങ്ങൾ കാർഷികമേഖലയിൽ നടപ്പാക്കേണ്ടതാണ്	1-35
36	അംഗൻവാടി ഹോണറേറിയം പഞ്ചായത്ത് വിഹിതം-സർക്കാരിലേക്ക് തിരിച്ചടച്ചതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്	1-36
37	ഗ്രാമ പഞ്ചായത്തിലെ അങ്കണവാടികളുടെ പ്രവർത്തനം- അവലോകനം	1-37
38	ലൈഫ് മിഷൻ അവലോകനം	1-38
39	മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവൃത്തനങ്ങളുടെ വിലയിരുത്തൽ	1-39
	ഭാഗം 2	
	വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ	
	ഇല്ല	
	ഭാഗം 3	
	ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ	
	ഇല്ല	
	ഭാഗം 4	
	പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും	
4-1	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
4-2	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-2
4-3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4-4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
4-5	വായ്പ / വായ്പാതിരിച്ചടവ്	4-5
4-6	സ്ഥിര നിക്ഷേപം	4-6
4-7	ഓഡിറ്റ് റിക്കവറി	4-7

4-8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-8
4-9	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-9
4-10	ഓഡിറ്റ് പ്രത്യവലോകനം	4-10
4-11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
	ഓഡിറ്റ് സാക്ഷ്യപത്രം	അനുബന്ധം - 1
	വിവിധ പത്രികകൾ - സംക്ഷിപ്തം	അനുബന്ധം - 2

ഭാഗം -1
ഓഡിറ്റ് റിപ്പോർട്ട്.

1-1 ബജറ്റ്

23-3-2018 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകളും വാർഷിക കണക്ക് പ്രകാരമുള്ള യഥാർത്ഥ വരവ് ചെലവുകളും ചുവടെ ചേർക്കുന്നു

ക്രമ നം	ഇനം	ബജറ്റ് പ്രകാരം	യഥാർത്ഥ വരവ് ചെലവ്
1	മുന്നിരിപ്പ്	51,40,355	2952923
2	വരവ്	25,07,30,548	98717284
3	ആകെ	255870903	101670207
4	ചെലവ്	25,03,42,920	86986139
5	നീക്കിയിരുപ്പ്	55,27,983	14684068

ബജറ്റ് പ്രകാരമുള്ള വരവ്-ചെലവുകളും യഥാർത്ഥ വരവു ചെലവുകളും തമ്മിൽ വളരെ വലിയ വ്യത്യാസം കാണുന്നു. കൂടുതൽ യാഥാർത്ഥ്യബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-2 വാർഷിക ധനകാര്യപത്രിക

വർഷം	ലഭിക്കേണ്ട	ലഭിച്ച	അപാകത	അപാകത

	തീയതി	തീയതി	പരിഹരിക്കാൻ തിരിച്ചയച്ച തീയതി	പരിഹരിച്ച് ലഭിച്ച തീയതി
2018-19	31-7-2019	20-5-2019	-	-

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	2952923
വരവ്	98717284
ആകെ	101670207
ചെലവ്	86986139
നീക്കിയിരിപ്പ്	14684068

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻ ബാക്കി	തൻ വർഷ വരവ്	ആകെ	ചെലവ്	നീക്കി യിരിപ്പ്
വികസനഫണ്ട് -ജനറൽ (എ.സി.ആർ പ്രകാരം)	0	14865627	14865627	14,853,239	12388
വികസനഫണ്ട് എസ്.സി.പി (എ.സി.ആർ പ്രകാരം)	0	12641000	12641000	11851855	789145
വികസനഫണ്ട് ടി.എസ്.പി (എ.സി.ആർ പ്രകാരം)	0	0	0	0	0
മെയ്ന്റനൻസ്		13058000	13058000	13058000	0

ഗ്രാന്റ് റോഡ് (എ.സി.ആർ പ്രകാരം)					
മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് (എ.സി.ആർ പ്രകാരം)		2989000	298900	2967030	21970
സെൻട്രൽ ഫിനാനൻസ് കമ്മീഷൻ ഗ്രാന്റ്		8776693	8776693	6327753	2448940
എം.എൻ.ആർ .ഇ.ജി. എസ്- അഡ്മിനിസ്ട്രേറ്റീവ് ചെലവ്	12,702	795453+ പലിശ 1554= 797007	809709	792450	17259
എം.എൻ.ആർ .ഇ.ജി. എസ്- തൊഴിലാളി കളുടെ വേതനം	0	26169342	26169342	26169342	0
ജോയിന്റ് വെഞ്ചർ അക്കൗണ്ട്- ട്രഷറി- ബ്ലോക്ക് പഞ്ചായത്ത്,ജില്ലാ പഞ്ചായത്ത്	-299998	4831475	4531477	4362250	169227
ട്രഷറി-- TSB (ജനറൽ പർപ്പസ് ഗ്രാന്റ് & മറ്റ് ഫണ്ടുകൾ)	-6197	2622	2837844		2309755
തനത്ഫണ്ട് - സഹകരണ ബാങ്ക്-203	587818	4003216	4591034	3348827	1242207
തനത്ഫണ്ട് - PNB	2559178	10429680	12988858	2951166	10037692.

7699					
ഇ-പേയ്മെന്റ് അക്കൗണ്ട്-SBI	27,134	58568	85702	15931	69771
ദുരിതാശ്വാസ നിധി PNB 0647	7307	335.	7642	71	7571
ബഡ്സ് സ്കൂൾ KGB 140	0	755778	755778	66888	688890
TPA 1169	4176	0	4176	0	4176
യൂണിയൻ ബാങ്ക്-സാനിറ്റേഷൻ 8844	4191	611	48020	4802	0
പെൻഷൻ-PNB	23304	2039	25343	25343	0
സാക്ഷരത-യൂണിയൻ ബാങ്ക്-8306	1414	12	1426	1426	0
സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ					
എസ് സി കോർപ്പസ് ഫണ്ട്	0	3090886	3090886	3090886	0
കേരളോത്സവം	0	20000	20000	20000	0
വിമുക്തി	0	25000	25000	25000	0
ഹഡ്കോ ലോൺ SBI കുഴൽമന്ദം	0	11394105	11394105	7274105	4120000
ബി ഫണ്ട്					
തൊഴിലില്ലായ്മാ വേതനം	0	89880	89880	89880	0
കൃഷി ഉല്പാദന	0	771040	771040	771040	0

ബോണസ്					
സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹ ധന സഹായം	0	330000	330000	330000	0
കേന്ദ്രാവിഷ്കൃത ഫണ്ടുകൾ					
ഐ സി ഡി എസ്	973419	868194	1841613	893242	948371
TSC	0	2000000	200000	0	2000000
ശുചിത്വ മിഷൻ- സ്വഛ ഭാരത് മിഷൻ	0	693413	693413	0	693413

1-5 പദ്ധതി അവലോകനം (എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വകയിരുത്തൽ സഹിതം)

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
166	99814950	138	67402650	0	28	83

അംഗീകാരം ലഭ്യമായ പ്രൊജക്റ്റുകളിൽ 83% എണ്ണം തൻവർഷം നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 68% ചെലവഴിച്ചിട്ടുണ്ട്.

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥർ	പദ്ധതികളുടെ എണ്ണം	നടപ്പാക്കിയത്	ആകെ അടങ്കൽ തുക	ചെലവഴിച്ച തുക	ചെലവ് %
കൃഷി ഓഫീസർ	2	2	8877500	6982385	79
വി.ഇ.ഒ -1	16	9	35440145	18860080	53

ഐ.സി.ഡി.എസ് സൂപ്പർവൈസർ	10	8	5224694	4354691	83
സെക്രട്ടറി	21	16	4840530	3584358	74
അസിസ്റ്റന്റ് എഞ്ചിനിയർ	89	77	37156443	27339652	74
എച്ച്.എം	3	3	1422451	1416251	99
മെഡിക്കൽ ഓഫീസർ-PHC	5	5	717087	717087	100
മെഡിക്കൽ ഓഫീസർ-ആയുർവേദം	1	1	300000	300000	100
മെഡിക്കൽ ഓഫീസർ-ഹോമിയോ	2	2	185600	168000	91
വെറ്ററിനറി സർജ്ജൻ	6	5	1714000	903640	53
അസി.സെക്രട്ടറി	10	9	3236500	2376506	73
ഡയറി ഫാം ഇൻസ്ട്രക്ടർ	1	1	700000	400000	57
ആകെ	166	138	99814950	67402650	68

1-6 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നം.	ക്ഷേമ പദ്ധതി	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
1	തൊഴിൽരഹിത വേതനം	89,880	54
2	കർഷക തൊഴിലാളി പെൻഷൻ	9,073,300	701
3	വിധവാ പെൻഷൻ	14,666,300	1219
4	വാർദ്ധക്യകാല പെൻഷൻ	19,750,700	1698
5	വികലാംഗ പെൻഷൻ	4,004,500	320
6	50 വയസ്സ് കഴിഞ്ഞ	1,604,000	132

	അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ		

1-7 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.01.2020 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 7019 രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

1-8 ആഭ്യന്തരനിയന്ത്രണം

മുതൽമുടക്ക് ആവശ്യമായി വരുന്ന എല്ലാ പ്രക്രിയകൾക്കും ബഡ്ജറ്റ് തയ്യാറാക്കി വരുമാന സമാഹരണ തന്ത്രങ്ങൾ ഗ്രാമ സഭ മുൻപാകെ വെളിപ്പെടുത്തണമെന്ന നിർദ്ദേശം യഥാവിധി പാലിക്കപ്പെട്ടിട്ടില്ല. തൻവർഷം പഞ്ചായത്തിന്റെ റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള കാര്യക്ഷമമായ ചർച്ചകൾ ഉണ്ടാവുകയോ ബജറ്റിൽ പുതിയ വരുമാന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. മുൻകാലങ്ങളിലേതെന്നപോലെ വസ്തു നികുതിയിലെ ഡിമാന്റ് സഞ്ചയയുമായി പൊരുത്തപ്പെടാത്ത സാങ്കേതിക പ്രശ്നം നിലനിൽക്കുന്നു. ഫ്രണ്ട് ഓഫീസിൽ ആവശ്യമായ രേഖകൾ സൂക്ഷിക്കുന്നുണ്ട്. ജനങ്ങൾക്ക് നൽകുന്ന സേവനം മെച്ചപ്പെടുത്തുന്നതിനായി ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുകയും തത്ഫലമായി നടപ്പ് സാമ്പത്തിക വർഷത്തിൽ ISO ലഭ്യമാവുകയും ചെയ്തിട്ടുണ്ട്. ഗാർഹിക കണക്ഷൻ നൽകി പൊതു ടാപ്പുകൾ പൂർണ്ണമായി ഒഴിവാക്കാനും അതുവഴി പ്രതിവർഷം 6 ലക്ഷം രൂപ ലാഭിക്കാനും പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്.

1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ക്രമ നം.	ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയ്യതി
1	പെർഫോമൻസ് ഓഡിറ്റ്	12.11.2019	01.10.2019മുതൽ 31.10.2019 വരെ	12.11.2019
2	അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	02.02.2011 മുതൽ	2005-06 മുതൽ 2009-10 വരെ	19.03.2011

		16.02.2011 വരെ		

1-10 തൊഴിൽ നികുതി രേഖകളുടെ പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2018-19 വർഷത്തെ രണ്ട് അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി ഡിമാന്റ്, പിരിവ്, രേഖകളുടെ സൂക്ഷിപ്പ് എന്നിവ വിലയിരുത്തുന്നതിനായി ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചുവരുന്ന സ്ഥാപനങ്ങളുടെ പട്ടിക, റിട്ടേണുകൾ, ഡിമാന്റ് രജിസ്റ്റർ മുതലായ രേഖകൾ പരിശോധിക്കുവാൻ ലക്ഷ്യമിടുകയും ആവശ്യമായ പരിശോധന നടത്തുകയും ചെയ്തു. പരിശോധനയുടെ വിവരം താഴെ ചേർക്കുന്നു.

എ)ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു. താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. സ്ഥാപന നികുതിയോടൊപ്പം ജീവനക്കാരുടെ തൊഴിൽ നികുതി കൂടി ഉൾപ്പെടുത്തുന്നുണ്ടെന്നാണ് ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി അറിയിച്ചിട്ടുള്ളത്. ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ, തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൻ പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. 2019-20 ആദ്യ അർദ്ധവർഷത്തിൽ ടി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതും സ്ഥാപനങ്ങളെ സ്ഥാപന രജിസ്റ്ററിൽ ചേർക്കേണ്ടതുമാണ്.

ക്രമ നം	സ്ഥാപനം	ജീവനക്കാരുടെ എണ്ണം(ലൈസൻസ് അപേക്ഷകൾ പ്രകാരം)	വാർഡ്/ കെട്ടിട നം	അർദ്ധ വർഷം
1	പുത്തൻവീട്ടിൽ സർവ്വീസ് സെന്റർ	5	9/579	1&2
2	സൂര്യ ടൈൽസ്	5	15/558	1&2
3	M/S റിഥം ബ്രിക്സ്	4	5/518-520	1&2
4	വിക്ടർ മോട്ടോഴ്സ്	3	3/758-761	1&2

5	ജാംസ് ഗ്രാനൈറ്റ്സ്	7	13/328-330	1&2
6	ഡ്വൽ കോട്ട്	4	13/328-330	1&2
7	ഗ്രാന്റ് മോട്ടോഴ്സ്	3	4/667	1&2
8	അഷ്മിത റൈസ് മിൽ	4	-	1&2
9	സി കെ എം തിയേറ്റർ	ലഭ്യമല്ല	-	1&2
10	പെരിങ്ങോട്ടുകുറിശ്ശി ക്ഷീര സഹകരണ സംഘം	ലഭ്യമല്ല	-	1&2
11	നടുവത്തപ്പാറ ക്ഷീര സഹകരണ സംഘം	ലഭ്യമല്ല	-	1&2

ബി)സ്ഥാപനതൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

ബി എസ് എൻ എൽ സ്ഥാപനങ്ങളെ സ്ഥാപന തൊഴിൽ നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടില്ലാത്തതാകുന്നു. ഡബ്ല്യൂ.പി.സി 16670/06 നമ്പർ കേസിന്റെ അന്തിമ വിധിയിൽ സ്ഥാപനതൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം ബഹു.കേരള ഹൈക്കോടതി തള്ളിയിട്ടുണ്ട്. ആയതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ സ്ഥാപനത്തിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പെരിങ്ങോട്ടുകുറിശ്ശി ക്ഷീര സഹകരണ സംഘം, നടുവത്തപ്പാറ ക്ഷീര സഹകരണ സംഘം, 3 സ്റ്റാർ ഓഡിറ്റോറിയം എന്നിവയിൽ നിന്നും സ്ഥാപനതൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

സി) റേഷൻ കടകളുടെ സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കേണ്ടതാണ്

പഞ്ചായത്ത് പരിധിയിൽ റേഷൻ കടകളിലെ ജീവനക്കാരുടെ തൊഴിൽ നികുതി സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയതായി കാണുന്നില്ല. ഇവ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കുവാൻ താൽപ്പര്യപ്പെടുന്നു.

ഡി)കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

പഞ്ചായത്തുമായി 2018-19 സാമ്പത്തിക വർഷത്തിൽ മരാമത്ത് പ്രവർത്തികൾക്കായി കരാറിൽ ഏർപ്പെട്ടിട്ടുള്ള കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

കരാറുകാരിൽ നിന്നുള്ള തൊഴിൽ നികുതി ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. കരാറുകാരുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നം	കരാറുകാരന്റെ പേര്	എറ്റെടുത്ത മരാമത്ത് പ്രവർത്തികളുടെ എണ്ണം
1	സുനിൽ.എസ്	5
2	ഹരിദാസ്.കെ	20
3	വിൽസൺ.ആർ	11
4	രാമദാസൻ.എം	10
5	രമേഷ്.ആർ	1
6	അരവിന്ദാക്ഷൻ.എസ്	1
7	രമേഷ്.കെ.വി	25

1-11 ഡി&ഒ ലൈസൻസ് - ഭേദഗതി ചട്ടങ്ങൾ പ്രകാരമുള്ള ഫീ ഈടാക്കേണ്ടതാണ്

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് - പുതുക്കിയ ചട്ടങ്ങൾ അനുസരിച്ചുള്ള നടപടികൾ

31.10.2017 ലെ ജി.ഒ (പി) നം 80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ.നം.674/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 1996ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ ഫാക്ടറികൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. 2017 ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, 1996 എന്ന് പുനർ നാമകരണം ചെയ്തിട്ടുണ്ട്. ഭേദഗതിക്കു മുമ്പ്, ചട്ടം 10 ലെ പട്ടിക രണ്ട് പ്രകാരം വിറ്റുവരവിന്റെ

അടിസ്ഥാനത്തിലാണ് സ്ഥാപനങ്ങളുടെ പരമാവധി ലൈസൻസ് ഫീസ് ഈടാക്കിയിരുന്നത്. ഭേദഗതി ചട്ടങ്ങൾ അനുസരിച്ച് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നീ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കേണ്ടതാണ്.

ക്രമ നം.	വ്യവസായസ്ഥാപനത്തിന്റെ തരം	ചുമത്താവുന്ന പരമാവധി തുക
1	മൈക്രോ	500/-
2	മിനി	1000/-
3	സ്മാൾ	5000/-
4	മീഡിയം	10000/-
5	ലാർജ്ജ്	15000/-

പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ വിറ്റ് വരവിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീ കണക്കാക്കിയിരിക്കുന്നത്. പുതുക്കിയ ലൈസൻസ് ഫീസ് ഈടാക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>ബി) പഞ്ചായത്ത് പരിധിയിലെ റേഷൻ ഡിപ്പോകൾ ലൈസൻസ് എടുത്തിട്ടില്ല</u>

1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ ഫാക്ടറികൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ (നിലവിൽ 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ) പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റേഷൻകടകൾക്ക് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. എന്നാൽ പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 9 റേഷൻ കടകൾ ലൈസൻസ് എടുത്തിട്ടില്ലെന്ന് ലൈസൻസ് രജിസ്റ്റർ പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. പെരിങ്ങോട്ടുകുറിശ്ശി ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

സി)ക്ഷീരസഹകരണസംഘങ്ങൾ ലൈസൻസ് എടുത്തിട്ടില്ല

പഞ്ചായത്ത് പരിധിയിൽ 6 ക്ഷീര സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും 3 എണ്ണം മാത്രമാണ് 2018-19 സാമ്പത്തിക വർഷത്തിൽ ലൈസൻസ് എടുത്തിട്ടുള്ളത്. പെരിങ്ങോട്ടുകുറിശ്ശി, നടുവത്തപ്പാറ, പരുത്തിപ്പുള്ളി എന്നീ ക്ഷീരസഹകരണ സംഘങ്ങൾ 2018-19 വർഷം ലൈസൻസ് എടുത്തിട്ടില്ല. ടി സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടു വരേണ്ടതാണ്.

ഡി)<u>ഫാമുകളെ ലൈവ് സ്റ്റോക്ക് ലൈസൻസ് പരിധിയിൽ കൊണ്ടു വരേണ്ടതാണ്.</u>

കേരളാ പഞ്ചായത്ത് രാജ് ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് ചട്ടങ്ങൾ 2012 ,ചട്ടം 3,ഉപചട്ടം (1)ൽ പറഞ്ഞതിനേക്കാൾ കൂടുതൽ എണ്ണം മൃഗങ്ങളേയോ പക്ഷികളേയോ

വളർത്തുന്ന ലൈവ് സ്റ്റോക്ക് ഫാം സ്ഥാപിക്കുവാനോ നടത്തിക്കൊണ്ടു പോകുവാനോ ഉപചട്ടം (2) പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് ആവശ്യമാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അമാന അസ്സോസിയേറ്റ്സ് (എം.എൻ.മൊഹമ്മദ്.ആലി, കെട്ടിട നം13/689 എന്ന സംയോജിത ഫാമിന് ലൈവ്സ്റ്റോക്ക് ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല. ടി ഫാമിന് ലൈസൻസ് ഫീ ഇനത്തിൽ 250/- രൂപയാണ് ഈടാക്കിയിട്ടുള്ളത്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാക്ഷ്യപത്രത്തിൽ ടി ഫാമിൽ 3000 കോഴികൾ, 30 ആടുകൾ, 5 പശുക്കൾ എന്നിവ ഉള്ളതായാണ് കാണിച്ചിരിക്കുന്നത്. ഒരു സംയോജിത ഫാമിന്റെ കാര്യത്തിൽ ഈടാക്കേണ്ട ലൈസൻസ് ഫീസ്, ഫാമിൽ വളർത്തപ്പെടുന്ന മൃഗങ്ങളുടെ അഥവാ പക്ഷികളുടെ അഥവാ രണ്ടിന്റേയുമോ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ, അതത് തരം(ക്ലാസ്സ്) ഫാമുകൾക്ക് ബാധകമായ ലൈസൻസ് ഫീസിന്റെ മൊത്തം തുക ആയിരിക്കുന്നതാണ്. ടി ഫാമിനെ ലൈവ്സ്റ്റോക്ക് ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതും ബാധകമായ ലൈസൻസ് ഫീ ഈടാക്കേണ്ടതുമാണ്.

1-12 രശീതി ബുക്കുകളുടെ ഉപയോഗം- നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

എ)<u>രശീതി ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തേണ്ടതാണ്.</u>

കേരള ട്രെഷറി കോഡ് വാല്യം 1 ആർട്ടിക്കിൾ 92(ബി) കുറിപ്പ് 2 പ്രകാരം ഓരോ രശീതി ബുക്കും സൂക്ഷ്മമായി പരിശോധിക്കേണ്ടതും ഓരോ ബുക്കിലേയും പേജുകളുടെ എണ്ണം പരിശോധിച്ച് സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് പുറം ചട്ടയുടെ ഉൾഭാഗത്ത് ചേർക്കേണ്ടതാണ്. എന്നാൽ പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്തിൽ ഉപയോഗിക്കുന്ന ഒരു രശീതി ബുക്കുകളിലും സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയതായി കാണുന്നില്ല.മേൽ അപാകം പരിഹരിക്കേണ്ടതാണ്.

ബി)<u>കളക്ഷൻ തുക അടുത്ത പ്രവൃത്തി ദിവസം തന്നെ പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.</u>

അസിസ്റ്റന്റ് എഞ്ചിനീയർ ഉപയോഗിച്ച 34864 രശീതി ബുക്ക് പ്രകാരം 5-10-19 ന് 30656/- രൂപ ടെന്റർ ഫോം ഇനത്തിൽ കരാറുകാരിൽ നിന്നും ഈടാക്കിയിട്ടുണ്ട്. ഇതിൽ 15553/- രൂപ 5.10.2019 ന് പഞ്ചായത്ത് ഫണ്ടിൽ അടവാക്കുകയും ബാക്കി 15103/- രൂപ 30.10.2019 നുമാണ് അടവാക്കിയിട്ടുള്ളത്.KFC വാല്യം1 ആർട്ടിക്കിൾ 7(2) പ്രകാരം കളക്ഷൻ തുക തൊട്ടടുത്ത ദിവസം തന്നെ പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. വിശദീകരണം നൽകുവാൻ താൽപ്പര്യപ്പെടുന്നു. ടെന്റർ ഫോറത്തിന്റെ വില തെറ്റായി ഈടാക്കിയതു മൂലമാണ് ഇങ്ങനെ സംഭവിച്ചതെന്നാണ് ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി അറിയിച്ചിട്ടുള്ളത്. ഇത്തരത്തിലുള്ള അപാകങ്ങൾ ആവർത്തിക്കാതിരിക്കേണ്ടതാണ്.

1-13 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ് .

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 282(1) അനുസരിച്ച് മൂന്ന് വർഷം കാലാവധി കഴിഞ്ഞിട്ടും തിരികെ നൽകാത്ത ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്. ഡെപ്പോസിറ്റ് രജിസ്റ്ററിൽ അഡ്ജസ്റ്റ് ചെയ്യാത്ത ഡെപ്പോസിറ്റുകളുടെ വർഷം, ഇനം എന്നിവ തിരിച്ചുള്ള സംക്ഷിപ്തം ചേർക്കാത്തതിനാൽ 3 വർഷം കഴിഞ്ഞ ഡെപ്പോസിറ്റ് തുകകളുടെ വിവരങ്ങൾ ലഭ്യമല്ല. 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ഡെപ്പോസിറ്റ് തുകകളുടെ നീക്കിയിരിപ്പ് താഴെ കൊടുക്കുന്നു. ഇതിൽ കാലഹരണപ്പെട്ട തുകകൾ തനത്ഫണ്ടിലേക്ക് മാറ്റാവുന്നതാണ്.

ക്രമ നം	ഇനം	നീക്കിയിരിപ്പ് തുക
1	കോൺട്രാക്ടേഴ്സ് ഇ എം ഡി	46457
2	സപ്ലയേഴ്സ് ഇ എം ഡി	33000
3	ബിഡ്ഡേഴ്സ് ഇ എം ഡി	9500
4	കോൺട്രാക്ടേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ്	17500
5	സപ്ലയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ്	26250
6	കോൺട്രാക്ടേഴ്സ് റിറ്റൻഷൻ	36504
7	മറ്റ് ഡെപ്പോസിറ്റുകൾ	5500
8	റെന്റ് ഡെപ്പോസിറ്റ്	7495
9	ഓക്ഷൻ ഡെപ്പോസിറ്റ്	67200
10	ഹാളുകൾക്കും ഓഡിറ്റോറിയത്തിനും ലഭിച്ച ഡെപ്പോസിറ്റുകൾ	28500
11	മറ്റുള്ളവരിൽ നിന്നും ലഭിച്ച ഡെപ്പോസിറ്റുകൾ	500
	ആകെ	2,78,406

1-14 വാടകയുമായി ബന്ധപ്പെട്ട ബൈലോ തയ്യാറാക്കേണ്ടതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 256-ാം വകുപ്പ് , 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടി ക്രമം) ചട്ടങ്ങൾ ചട്ടം 3 (5,6,7) പ്രകാരമുള്ള ബൈലോ തയ്യാറാക്കി സർക്കാരിന്റെയോ സർക്കാരിനാൽ അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെയോ അംഗീകാരം ലഭ്യമാക്കേണ്ടതാണ്. സർക്കാർ അംഗീകൃത ബൈലോയുടെ അഭാവത്തിൽ വാടക ഈടാക്കുന്ന രീതി, കൃത്യത, അഡ്വാൻസ്, ഡെപ്പോസിറ്റ് എന്നിവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്. പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്തിൽ ഇരുപതിലധികം മുറികൾ വാടകക്ക് നൽകിയിട്ടുണ്ടെങ്കിലും ബൈലോ തയ്യാറാക്കി കാണുന്നില്ല. മുറികൾ വാടകക്ക നൽകുന്നത് സംബന്ധിച്ച ബൈലോതയ്യാറാക്കി സർക്കാരിൽ നിന്നും(അധികാരപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും) അംഗീകാരം ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-15 വസ്തു നികുതി പിരിവ് - അവലോകനം

2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വസ്തു നികുതിയുടെ കുടിശ്ശിക വിവരം താഴെ കൊടുക്കുന്നു.

ക്രമ നം	ഇനം	തുക
1	തൻവർഷ കുടിശ്ശിക	2,33,706/-
2	മുൻവർഷങ്ങളിലെ കുടിശ്ശിക	3,28,657/-
	ആകെ	5,62,363

കുടിശ്ശിക തുകകൾ 2019-20 സാമ്പത്തിക വർഷത്തിൽ ഈടാക്കിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.
ബി)<u>ബി എസ് എൻ എൽ ടവർ - കുടിശ്ശിക തുക നിലനിൽക്കുന്നു.</u>

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബി എസ് എൻ എൽ ടവറിന്റെ വസ്തു നികുതി 2011-12 മുതൽ കുടിശ്ശികയായി നില നിൽക്കുന്നു. കുടിശ്ശിക വിവരം താഴെ കൊടുക്കുന്നു.

ക്രമ നം	വാർഡ് നം/ കെട്ടിട നം	ഉടമയുടെ പേര്	ഇൻസ്റ്റാൾ ചെയ്ത വർഷം	നിർണ്ണയിച്ച വസ്തു നികുതി	കുടിശ്ശിക തുക
1	13/124	ഡിവിഷണൽ എഞ്ചിനീയർ, ബി എസ് എൻ എൽ	2010	11340/-	57474

കുടിശ്ശിക തുക ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് അന്വേഷണം 20 ന് മറുപടിയായി അറിയിച്ചിട്ടുണ്ട്.

1-16 വസ്തുനികുതിയോടൊപ്പം സേവന ഉപനികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്.

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വപരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ എന്നിവ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതിയുടെ നിരക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ജലവിതരണം - വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക.

2. തെരുവുവിളക്കുകൾ - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.

3. ശുചിത്വ പരിപാലനം - വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക.

4. ഡ്രൈനേജ് - വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക.

ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള സേവന ഉപനികുതി വസ്തുനികുതിയോടൊപ്പം ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്.

1-17 കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ ഒഴിവാക്കിയതുമൂലം 15660/- രൂപയുടെ നഷ്ടം

പ്രോജക്ടിന്റെ പേര്, നമ്പർ (സ്പിൽ ഓവർ)	124/18-19 പിലാപ്പുള്ളി യുവജന ക്ഷേമ കേന്ദ്രത്തിലേക്ക് ഫർണ്ണിച്ചർ, ഇലക്ട്രോണിക്സ് ഉപകരണങ്ങൾ വാങ്ങൽ

അടങ്കൽ	100000 (വികസന ഫണ്ട്)
ചെലവ്	94099
നിർവഹണ ഉദ്യോഗസ്ഥ	അസിസ്റ്റന്റ് സെക്രട്ടറി
ബിൽ നമ്പർ	11/18-19 തിയതി 14.11.2018 തുക-94099

പിലാപ്പുള്ളി യുവജന ക്ഷേമ കേന്ദ്രത്തിലേക്ക് ഫർണ്ണിച്ചർ, ഇലക്ട്രോണിക്സ് ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രൊജക്റ്റിന്റെ ഭാഗമായി പ്ലാസ്റ്റിക് ചെയർ, മേശ, ടെലിവിഷൻ എന്നിവ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ (നം.4902/2017 തീ.09.03.18) പ്ലാസ്റ്റിക് ചെയർ, മേശ എന്നിവയിൽ ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ സാധനങ്ങൾ തന്നെ വാങ്ങിയതുമൂലം അപാകതകൾ ഇല്ല. ടെലിവിഷന് വിവിധ സ്ഥാപനങ്ങൾ സമർപ്പിച്ച നിരക്കുകളും ടെണ്ടർ സ്പെസിഫിക്കേഷനും കണ്ടെത്തിയ അപാകതകളും ചുവടെ ചേർക്കുന്നു.

ക്രമ നം	സ്ഥാപനം	ടെണ്ടർ സ്പെസി ഫിക്കേഷൻ	ടെലിവിഷന്റെ രേഖപ്പെടുത്തിയ നിരക്ക്	സ്റ്റെബിലൈസർ നിരക്ക്	ആകെ	വാറന്റി
1	പി എ കെ എന്റർ പ്രൈസസ് കല്ലടിക്കോട്	32 ഇഞ്ച് LED ,stabilizer ,warranty 3 വർഷം	saanio 32 inch full HD-14990	2850	17740	3 years warranty
			intex 32 inch -18990	വി ഗാർഡ്-2850	21840	3 years warranty
			panasonic 32 inch 25990	വി ഗാർഡ്-2850	28740	1 years warranty
			Sony 32 inch LED full HD	വി ഗാർഡ്-	33500	3 years warranty
2	ഹിബ എന്റർ പ്രൈസസ് പുലാപ്പറ്റ	32 ഇഞ്ച് LED, stabilizer, warranty 3 വർഷം	impex 32 inch-	സ്റ്റെബിലൈസർ	20200	3 years warranty
			Sony 32 inch	സ്റ്റെബിലൈസർ	33900	3 years warranty

			LED full HD			

ടെണ്ടർ സമർപ്പിച്ച രണ്ടു സ്ഥാപനങ്ങളും ടെണ്ടർ സ്പെസിഫിക്കേഷൻ പ്രകാരമാണ് നിരക്ക് കാണിച്ചിരിക്കുന്നത്, ടെണ്ടറിൽ സാമ്പിൾ ഹാജരാക്കാൻ നിർദ്ദേശിച്ചിരുന്നില്ല.

29.11.2017 ലെ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ 6-ാംനം തീരുമാന പ്രകാരം മേൽ ഉപകരണങ്ങൾ ടെണ്ടർ മുഖാന്തിരം നടപ്പിലാക്കുന്നതിന് ഭരണസമിതിയോട് ശുപാർശ ചെയ്തിട്ടുണ്ട്.

23.03.2018 ലെ 9/9(5) നം ഭരണസമിതി തീരുമാന പ്രകാരം ടെണ്ടറിൽ ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ പി എ കെ എന്റർപ്രൈസസ് കല്ലടിക്കോട് എന്ന സ്ഥാപനത്തിന്റെ പ്ലാസ്റ്റിക് ചെയർ@700, മേശ @12800 (തേക്ക് മരം), ടെലിവിഷൻ @ 33500 എന്നീ നിരക്കിലുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനും സപ്ലൈ ഓർഡർ നൽകുന്നതിനും അംഗീകാരം നൽകിയിട്ടുണ്ട്. ടെണ്ടർ പ്രൊക്യൂർമെന്റ് കമ്മിറ്റി പരിശോധിച്ചതായോ, കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയത് അംഗീകരിക്കുന്നതിന് ഭരണസമിതിയോട് ശുപാർശ ചെയ്തതായോ പ്രൊക്യൂർമെന്റ് മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

സ.ഉ (എം എസ്) നം80/2017/ത.സ്വ.ഭ.വ തീ 03.04.2017 പ്രകാരം പുറപ്പെടുവിച്ച 2017-18 വർഷത്തെ സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 2.7പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടി ക്രമങ്ങളുടെ വാങ്ങൽ രേഖയിൽ പ്രത്യേകം പരാമർശിക്കാത്ത സംഗതികളിൽ സ.ഉ.(പി) നം 259/2010/ത.സ്വ.ഭ.വ തീ 08.11.2010പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗരേഖ ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത മാർഗരേഖയിൽ വാങ്ങലിന്റെ ആവശ്യം തിരിച്ചറിഞ്ഞ് സ്പെസിഫിക്കേഷൻ തയ്യാറാക്കേണ്ടതും ആയത് പ്രകാരം വാങ്ങൽ പദ്ധതി അന്തിമമാക്കുകയും ചെയ്യേണ്ടതിന്റെ പ്രധാന ചുമതല പ്രൊക്യൂർമെന്റ് ടീമിനാണ്.

ടെണ്ടറിൽ ഗുണനിലവാരം, സ്പെസിഫിക്കേഷൻ എന്നിവ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തുകയും പ്രസ്തുത സ്പെസിഫിക്കേഷൻ/ഗുണനിലവാരം പാലിച്ചിട്ടുണ്ടോ എന്ന് സാമ്പിൾ പരിശോധിച്ച് ഉറപ്പുവരുത്തുകയുമാണ് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ചുമതല. ടെലിവിഷന്റെ ഇഞ്ച്, വാറന്റി എന്നിവ മാത്രമാണ് ടെണ്ടർ രേഖകളിൽ പഞ്ചായത്ത് ആവശ്യപ്പെട്ടത്. ഗുണമേന്മ തുടങ്ങിയവയൊന്നും വ്യക്തമാക്കിയിരുന്നില്ല. സാമ്പിൾ പരിശോധിച്ച ബന്ധപ്പെട്ട സാങ്കേതിക വിദഗ്ധന്റെ റിപ്പോർട്ട് ഇല്ല. ആയതിനാൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത പി എ കെ എന്റർപ്രൈസസിന്റെ saanio 32 inch full HD-14990,സ്റ്റെബിലൈസർ @2850,3 years warranty ആകെ 17840 രൂപ എന്നത് ഒഴിവാക്കി പ്രസ്തുത സ്ഥാപനത്തിന്റെ തന്നെ Sony 32 inch LED full HD@ 33500 രൂപ എന്ന നിരക്കിലുള്ള സാധനം വാങ്ങിയ നടപടി നിയമാനുസൃതമല്ല.തന്മൂലം പഞ്ചായത്തിന് 15660 രൂപയുടെ അധികചെലവ് ഉണ്ടായിട്ടുണ്ട് (33500-17840 = 15660). ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.05/23.01.2020)

സോണി എന്ന കമ്പനിയുടെ 32 inch LED full HD@ 33500 രൂപ എന്ന നിരക്കിലുള്ള ടെലിവിഷൻ സെറ്റ് ആണ് മികച്ചതെന്ന് ബോധ്യപ്പെട്ടതിനാലും യുവജനക്ഷേമ കേന്ദ്രത്തിലേക്ക് മികച്ച ഉത്പന്നം നൽകണമെന്ന ഉദ്ദേശത്തോടുകൂടിയാണ് പ്രസ്തുത സാധനം വാങ്ങിയതെന്നും മറുപടി നൽകിയിട്ടുണ്ട്. മേൽ മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

* സ്റ്റോർസ് പർച്ചേസ് മാന്വൽ, പ്രൊക്യൂർമെന്റ് മാർഗരേഖ എന്നിവയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി വാങ്ങലുകൾ നടത്തേണ്ടതാണ്.

* ടെണ്ടർമാർ ടെണ്ടറിനോടൊപ്പം സമർപ്പിക്കുന്ന രേഖകളുടെ ആധികാരികത യഥാസമയം പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

* പഞ്ചായത്ത് ഫണ്ടിന് ഉണ്ടായ 15660 രൂപയുടെ നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

* ജി.ഒ (എം എസ്) 24/17/ഐ.ടി.ഡി. തീ 18/.11.17, ഐ ടി സെൽ 1/26/2019 വി.സാ.വ. തീ.18.03.19 എന്നിവ പ്രകാരം സംസ്ഥാനത്തെ സർക്കാർ വകുപ്പുകൾക്കും,തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും വേണ്ടി സർക്കാർ ആരംഭിച്ച www.cprcs.kerala.gov.in എന്ന ഓൺ ലൈൻ സൈറ്റിലൂടെ മാത്രമേ ഐ ടി ഉപകരണങ്ങൾ വാങ്ങാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിന് അനുസൃതമായി ഭാവിയിൽ വാങ്ങലുകൾ നടത്തേണ്ടതാണ്.

* 25000 രൂപയ്ക്ക് മുകളിലുള്ള കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഒഴികെയുള്ള വാങ്ങലുകൾ കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ Government e Marketplace(GeM) ൽ ലഭ്യമാണെങ്കിൽ GeM മുഖേന വാങ്ങുന്നത് നിർബന്ധമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ GeM രജിസ്ട്രേഷൻ എടുക്കേണ്ടതും വാങ്ങുവാൻ ഉദ്ദേശിക്കുന്ന സ്റ്റോറിന്റെ സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള ഇനം GeM ൽ ലഭ്യമാണെങ്കിൽ GeM മുഖേന വാങ്ങേണ്ടതുമാണ്.

1-18 ടെണ്ടർ നടപടിക്രമങ്ങൾ സ്വീകരിക്കാതെ സിൽക്ക് എന്ന സ്ഥാപനത്തിൽ നിന്നും തെരുവു വിളക്കുകൾ വാങ്ങിയത് ക്രമപ്രകാരമല്ല

2018-19 വർഷത്തിൽ പുതിയ തെരുവു വിളക്കുകൾ (മിനി മാസ്റ്റ് 8 മീറ്റർ) വാങ്ങി

സ്ഥാപിച്ചത് പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലേയും സ്റ്റോർസ് പർച്ചേസ് മാന്വലിലേയും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളിലേയും നിബന്ധനകൾ പാലിച്ചാണോ എന്ന് പരിശോധിക്കുവാനാണ് ലക്ഷ്യമിട്ടത്. പരിശോധനയിലെ കണ്ടെത്തലുകളും ഓഡിറ്റ് നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

പ്രൊജക്ട്	22/19 വിവിധ സ്ഥലങ്ങളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ
അടങ്കൽ	1000000 ധനകാര്യ കമ്മീഷൻ ഗ്രാന്റ്
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
ചെലവ്	1000000
ബിൽ നം	52/14-3-2019
ഇൻവോയ്സ് നം	CD/18-19/R/50/20-2-2019
കരാർ	01/SEC/PKY/2018-19 dt 30.10.18
സ്ഥാപനം	സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് (SILK), തൃശ്ശൂർ

എ. ലാമ്പുകളുടെ നിരക്ക്

150 വാട്ടിന്റെ 3 എൽ.ഇ.ഡി ലാമ്പുകൾ ഉൾക്കൊള്ളുന്ന 8 മീറ്റർ ഉയരമുള്ള 4 സെറ്റ് മിനി മാസ്റ്റ് ലൈറ്റുകൾ സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് (SILK), തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങി ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്.ഇൻസ്റ്റലേഷൻ, കെ എസ് ഇ ബി സൂപ്പർവിഷൻ എന്നിവ ഉൾപ്പെടെ യൂണിറ്റ് ഒന്നിന് 250000 രൂപ പ്രകാരം 1000000 രൂപയാണ് സ്ഥാപനം ഈടാക്കിയിട്ടുള്ളത്.

ബി. തീരുമാനങ്ങൾ

വിവിധ തീരുമാനങ്ങളുടെ വിവരം താഴെ ചേർക്കുന്നു

1. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 06.03-2018 ലെ തീരുമാനം നം. 2 പ്രകാരം പ്രൊജക്ട് ഭരണസമിതിക്ക് ശുപാർശ നൽകിയിട്ടുണ്ട്.
2. പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ 16.06-2018 ലെ തീരുമാനം നം. 1 പ്രകാരം സിൽക്കിൽ നിന്ന് മിനി മാസ് ലൈറ്റുകൾ ഇ-ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങുന്നതിനായി ഭരണസമിതിയോട് ശുപാർശ ചെയ്യുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്.

3. പഞ്ചായത്ത് ഭരണസമിതി 27.09-2018 ലെ തീരുമാനം നം. 1 (1) പ്രകാരം യൂണിറ്റിന് 250000 രൂപ എന്ന എസ്റ്റിമേറ്റ് അംഗീകരിക്കുകയും ലാമ്പുകൾ സപ്ലൈ ചെയ്യുന്നതിനായി സിൽക്ക് എന്ന സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകുവാൻ അംഗീകാരം നൽകിയിട്ടുമുണ്ട്.

സി. അക്രഡിറ്റഡ് ഏജൻസികളുടെ ചുമതലകൾ

1. 25-07-2017ലെ സ.ഉ(പി)നം.95/2017/ഫിൻ ഉത്തരവ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഉത്തരവിന്റെ അനുബന്ധത്തിലെ ക്രമ നം. 11 പ്രകാരം ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികളുടെ പ്രൊജക്റ്റ് മാനേജ്മെന്റ് കൺസൾട്ടന്റായി (PMC) പ്രവർത്തിക്കുന്നതിനാണ് SILK എന്ന സ്ഥാപനത്തിന് അക്രഡിറ്റേഷൻ ഉള്ളത്. പി.എം.സി ആയി പ്രവർത്തിക്കുന്ന അക്രഡിറ്റഡ് ഏജൻസി പ്രവൃത്തികളുടെ നടത്തിപ്പിനായി സുതാര്യമായ രീതിയിൽ ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി നടത്തുന്ന ഏജൻസിയെ തെരഞ്ഞെടുക്കുവാൻ സഹായം നൽകേണ്ടതാണെന്ന് ഉത്തരവിലെ ഖണ്ഡിക 9 ൽ വ്യക്തമാക്കിയിട്ടുണ്ട്. സ്ഥാപനത്തിന് നേരിട്ട് സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിനുള്ള അധികാരമില്ല.

സ.ഉ(പി)നം.118/2018/ഫിൻ തിയതി 03-08-2018 പ്രകാരം പി.എം.സി ആയി പ്രവർത്തിക്കുന്ന സ്ഥാപനത്തിനെ സാധനങ്ങൾ വാങ്ങുന്നതിനായി ചുമതലപ്പെടുത്താമെങ്കിലും സ്ഥാപനം ടെണ്ടർ നടപടികളിലൂടെ ഒരു തേർഡ് പാർട്ടിയെ തെരഞ്ഞെടുക്കേണ്ടതാണെന്നും പി.എം.സി ആയി പ്രവർത്തിക്കുന്ന സ്ഥാപനത്തിന് സെന്റേജ് ചാർജ്ജിന് അർഹതയുണ്ടെന്നും വ്യക്തമാക്കിയി ട്ടുണ്ട്.

സാധനങ്ങളും സേവനങ്ങളും നേരിട്ട് നൽകുന്നതിനുള്ള അക്രഡിറ്റേഷൻ ഉള്ള സ്ഥാപനങ്ങൾക്ക് കുറഞ്ഞത് 50% സാധനങ്ങളും സേവനങ്ങളും സ്വന്തമായി വിതരണം ചെയ്യുന്നതിനുള്ള ശേഷി ഉണ്ടായിരിക്കേണ്ടതാണെന്ന് ഉത്തരവിൽ നിബന്ധനയുണ്ട്. SILK എന്ന സ്ഥാപനം അത്തരത്തിൽ സാധനങ്ങളും സേവനങ്ങളും നേരിട്ട് വിതരണം ചെയ്യുന്നതിനുള്ള അക്രഡിറ്റേഷൻ എടുത്തിട്ടില്ല. ആയതിനാൽ SILKന് ടെണ്ടർ കൂടാതെ നേരിട്ട് തെരുവു വിളക്കുകൾ വിതരണം ചെയ്യുന്നതിനുള്ള അർഹതയില്ല എന്ന് വിലയിരുത്തുന്നു.

ഡി) ആസൂത്രണം, നിർവ്വഹണം

പ്രൊജക്റ്റിൽ നിർവ്വഹണ രീതി ടെണ്ടർ എന്ന് രേഖപ്പെടുത്തിയാണ് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭ്യമാക്കിയിട്ടുള്ളത്.അംഗീകാരം ലഭിച്ച ടെണ്ടറിൽ മാറ്റം വരുത്തി നേരിട്ട് നിർവ്വഹിക്കുന്നതിന് പ്രൊജക്റ്റ് ഭേദഗതി ചെയ്ത് അംഗീകാരം ലഭ്യമാക്കിയതായി കാണുന്നില്ല. മേൽ ഉത്തരവുകൾ ഒന്നും പരിഗണിക്കാതെയാണ് സിൽക്കിൽ നിന്നും എൽ.ഇ.ഡി ലാമ്പുകൾനേരിട്ട് വാങ്ങുന്നതിന് പ്രോജക്റ്റ് തയ്യാറാക്കിയത്. പൊതുമരാമത്ത് (വൈദ്യുതിയും ഊർജ്ജവും ഉൾപ്പെടെ) വർക്കിംഗ് ഗ്രൂപ്പിൽ പ്രോജക്റ്റിനെകുറിച്ച് ചർച്ച ചെയ്തിട്ടുമില്ല. പ്രോജക്റ്റിനനുസരിച്ചാണ് തുടർന്നുള്ള തീരുമാനങ്ങൾ ഉണ്ടായിട്ടുള്ളത്.

ആസൂത്രണത്തിലെ പാളിച്ചയാണ് നിർവ്വഹണത്തിലെ വീഴ്ചക്ക് കാരണമായിട്ടുള്ളത്. നിർവ്വഹണം നടത്തുന്നതിനു മുമ്പായി വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ, നിർവ്വഹണ ഉദ്യോഗസ്ഥനോ, വെറ്റിംഗ് നടത്തിയ ഉദ്യോഗസ്ഥനോ പ്രോജക്റ്റിന്റെ കൃത്യത ഉറപ്പാക്കിയിട്ടില്ല.

സ.ഉ. (എം.എസ്) 13/2015/ITD/ തീ. 12.5.2015 പ്രകാരം 5 ലക്ഷത്തിനു മുകളിലുള്ള ടെൻഡറുകൾക്ക് ഇ- പ്രൊക്യൂർമെന്റ് നടപടിക്രമങ്ങൾ നിർബന്ധമാക്കിയിട്ടുണ്ട്.

കേരള കൺസ്ട്രക്ഷൻ വെൽഫെയർ ഫണ്ട് ആക്ട് 1989 സെക്ഷൻ 8(2) ,സർക്കുലർ നം 2173/C3/97/ത.ഭ.വ. തി 18,03.97 എന്നിവ പ്രകാരം ലേബർ ഘടകം ഉൾപ്പെട്ടിട്ടുള്ള എല്ലാ കരാറുകളിൽ നിന്നും കരാർ തുകയുടെ 1% തുക ബില്ലിൽ നിന്നും കുറവുവരുത്തി നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിൽ അടവാക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ആയത് കുറവുചെയ്യാതെയാണ് (10000 രൂപ) തുക നൽകിയിരിക്കുന്നത്

ടെണ്ടർ കൂടാതെ ലാമ്പുകൾ നേരിട്ട് വാങ്ങുന്നതിനു മുമ്പായി SILK മായി ചർച്ച ചെയ്ത് നിരക്ക് നിശ്ചയിച്ചതായോ, മാർക്കറ്റ് നിരക്കുമായി പൊരുത്തപ്പെടുന്നുണ്ടോ എന്നോ പരിശോധിച്ചിട്ടില്ല. സിൽക്കിൽ നിന്നും നേരിട്ട് ലാമ്പുകൾ വാങ്ങുവാനുണ്ടായ കാരണം വ്യക്തമാക്കേണ്ടതാണ്. നിരക്കിന്റെ യുക്തിഭദ്രത വിലയിരുത്താതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.ആയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.03/22.01.2020) മറുപടി നൽകിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

* സ്റ്റോർസ് പർച്ചേസ് മാന്വൽ,പ്രൊക്യൂർമെന്റ് മാർഗരേഖ എന്നിവയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി വാങ്ങലുകൾ നടത്തേണ്ടതാണ്.

* ടെണ്ടർമാർ ടെണ്ടറിനോടൊപ്പം സമർപ്പിക്കുന്ന രേഖകളുടെ ആധികാരികത യഥാസമയം പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

* നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം 10000 രൂപ ബന്ധപ്പെട്ട വകുപ്പിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

* 25000 രൂപയ്ക്ക് മുകളിലുള്ള കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഒഴികെയുള്ള വാങ്ങലുകൾ കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ Government e Marketplace(GeM) ൽ ലഭ്യമാണെങ്കിൽ GeM മുഖേന വാങ്ങുന്നത് നിർബന്ധമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ GeM രജിസ്ട്രേഷൻ എടുക്കേണ്ടതും വാങ്ങുവാൻ ഉദ്ദേശിക്കുന്ന സ്റ്റോറിന്റെ സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള ഇനം GeM ൽ ലഭ്യമാണെങ്കിൽ GeM മുഖേന വാങ്ങേണ്ടതുമാണ്.

1-19 റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽനിന്നും ബാരൽ വില ഈടാക്കിയില്ല - പഞ്ചായത്ത് ഫണ്ടിന് 94596രൂപയുടെ നഷ്ടം

2018-19 വർഷത്തിൽ ഫൈനൽ ബിൽ തുക നൽകിയിട്ടുള്ള താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽനിന്നും കാലി ബാരലുകളുടെ വില ഈടാക്കിയിട്ടില്ല. ടാറിങ്ങ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ പാക്ക്ഡ് ബിറ്റുമെൻ റേറ്റാണ് ഉൾപ്പെടുത്തിയിരുന്നത്. കാലി ബാരൽ ഒന്നിന് 238 രൂപയും 18% GST ഉൾപ്പടെ ആകെ281 രൂപ ഈടാക്കേണ്ടിതായിരുന്നു. ബാരൽ വില ഈടാക്കാതിരുന്നതിനാൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ94596രൂപയുടെ നഷ്ടത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഉപയോഗിച്ച ബിറ്റുമിന്റെ ബാരൽ അളവ്	ss1 (182kg/barrel)	rs1 (200kg/barrel)	s-65/vg30 (156kg/barrel)

ക്രമ നം.	പ്രവൃത്തിയുടെ പേര്	കരാറുകാരന്റെ പേര് , എം ബുക്ക് നം	ഫൈനൽ ബിൽ തുക, ചെലവിന്റെ വിവരം	ഉപയോഗിച്ച ബിറ്റുമിന്റെ തരം, അളവ്(in kg)	കാലി ബാരലുകളുടെ എണ്ണം	ആകെ	ഈടാക്കേണ്ട ബാരൽ വില @281/- (238+18% GST)
1	46/19 പിലാപ്പുള്ളി ചിറപ്പാടം റോഡ് റീ ടാറിംങ് (മെയിന്റെനൻസ് ഗ്രാന്റ്-റോഡ്)	ശ്രീ .ഹരിദാസ്.കെ 24/19	299590 ബിൽനം. 24/18-19 തിയതി. 11.03.19	Ss1= 153.26 Rs1= 227.24 S65= 2361.30	0.84 1.14 15.14	17.12	4811
2	53/19 അക്കരപറമ്പ് റോഡ് റീ ടാറിംങ് (മെയിന്റെനൻസ് ഗ്രാന്റ്-റോഡ്)	ശ്രീ .ഹരിദാസ്.കെ 28/19	399278 ബിൽനം .26/18-19 തിയതി 11.03.19	Rs1= 1031 S65= 2485.78	5.15 15.93	21.08	5923
3	54/19 ചൂലനൂർ കിഴക്കേക്കര ശിവക്ഷേത്രം റോഡ് മെറ്റലിംങ്ങും, ടാറിംങ്ങും (മെയിന്റെനൻസ് ഗ്രാന്റ്-റോഡ്)	ശ്രീ .ഹരിദാസ്.കെ 29/19	485000 ബിൽനം. 30/18-19 തിയതി 11.03.19	Ss1= 678.41 Rs1= 219.49 S65= 1684.05	3.73 1.10 10.79	15.62	4389
4	34/19 പുത്തൻകുണ്ട് റോഡ് മെറ്റലിംങ്& ടാറിംങ്	ശ്രീ.കെ.വി.രമേഷ് 12/19	398000	Ss1= 397.29 Rs1= 128.54	2.18 0.64	8.83	2481

	(മെയിന്റെനൻസ് ഗ്രാന്റ്-റോഡ്)		ബിൽനം. 32/18-19 തിയതി. 11.03.19	S65= 938.21	6.01		
5	33/19 ഇടത്തോട് റോഡ് മെറ്റ ലിംങ്ങും, ടാറിംങ്ങും (മെയിന്റെനൻസ് ഗ്രാന്റ്-റോഡ്)	ശ്രീ .ഹരിദാസ്.കെ 11/19	300000 ബിൽനം. 33/18-19 തിയതി. 11.03.19	Ss1= 419.65 Rs1= 135.77 S65= 1044.96	2.30 0.68 6.70	9.68	2720
6	32/19 കല്ലങ്കാട് റോഡ് മെറ്റലിംങ്& ടാറിംങ് (മെയിന്റെനൻസ് ഗ്രാന്റ്-റോഡ്)	ശ്രീ.കെ.വി.രമേഷ് 10/19	485000 ബിൽനം .34/18-19 തിയതി. 11.03.19	Ss1= 412.55 Rs1= 133.47 S65= 1024.09	2.27 0.67 6.56	9.5	2670
7	48/19 ഒട്ടരുകാട് ബ്രാഞ്ച് റോഡ് നവീകരണ പ്രവത്തികൾ (മെയിന്റെനൻസ് ഗ്രാന്റ്-റോഡ്)	ശ്രീ.വിൽസൺ 35/19	300000 ബിൽനം. 36/18-19 തിയതി. 11.03.19	Ss1= 315.09 Rs1= 101.94 S65= 782.18	1.73 0.51 5.01	7.25	2037
8	16/19 വടക്കുംപുറം കല്ലിങ്കൽ റോഡ് മെറ്റലിംങ്ങും ടാറിംങ്ങും (മെയിന്റെനൻസ് ഗ്രാന്റ്-റോഡ്)	ശ്രീ.അരവിന്ദാ- ക്ഷൻ.എസ് 37/19	285000 ബിൽനം. 37/18-19 തിയതി. 11.03.19	Ss1= 399.31 Rs1= 129.19 S65= 991.24	2.19 0.65 6.35	9.19	2582
9	37/19 കുളങ്ങര പറമ്പ് അമ്പലം റോഡ് മെറ്റലിംങ്, ടാറിംങ് (മെയിന്റെനൻസ് ഗ്രാന്റ്-റോഡ്)	ശ്രീ.കെ.വി. രമേഷ് 10/19	485000 ബിൽനം. 38/18-19 തിയതി. 11.03.19	Ss1= 618.47 Rs1= 200.09 S65= 1535.26	3.40 1.00 9.84	14.24	4001
10	50/19 പനയംപാടം റോഡ് മെറ്റലിംങ്ങും ടാറിംങ്ങും (മെയിന്റെനൻസ് ഗ്രാന്റ്-റോഡ്)	ശ്രീ.ഹരിദാസ്.കെ 26/19	485000 ബിൽനം. 50/18-19 തിയതി. 19.03.19	Ss1= 501.50 Rs1= 162.25 S65= 1244.90	2.76 0.81 7.98	11.55	3246
11	55/19 ഭസ്മപ്പാറ- കിഴക്കേക്കര റോഡ് മെറ്റലിംങ്, ടാറിംങ് &റീടാറിംങ് (മെയിന്റെനൻസ് ഗ്രാന്റ്-റോഡ്)	ശ്രീ.ഹരിദാസ്.കെ 30/19	300000 ബിൽനം. 51/18-19 തിയതി. 19.03.19	Ss1= 315.45 Rs1= 153.15 S65= 1342.14	1.73 0.77 8.60	11.10	3119
12	28/19 JPHN സ്കൂൾ ട്രൈനിംങ് സെന്റർ തല്ലുപറമ്പ് റോഡ് മെറ്റലിംങ്ങും ടാറിംങ്ങും (മെയിന്റെനൻസ് ഗ്രാന്റ്-റോഡ്)	ശ്രീ.കെ.വി. രമേഷ് 8/19	397833 ബിൽനം. 52/18-19 തിയതി. 19.03.19	Ss1= 407.70 Rs1= 131.90 S65= 1012.06	2.24 0.65 6.49	18.76	5272
13	61/19 പത്തിരിപ്പാല മണിമല റോഡ് മെറ്റലിംങ്ങും ടാറിംങ്ങും (മെയിന്റെനൻസ് ഗ്രാന്റ്-റോഡ്)	ശ്രീ.കെ.വി. രമേഷ് 20/19	485000 ബിൽനം. 53/18-19 തിയതി. 19.03.19	Ss1= 612.89 Rs1= 198.29 S65= 1521.41	3.37 0.99 9.75	14.11	3965
[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]

14	85/19 ഷാരത്ത് കുളമ്പ് കോളനി റോഡ് (വികസന ഫണ്ട്-scp)	ശ്രീ.കെ.വി. രമേഷ് 22/19	487387 ബിൽനം. 54/18-19 തിയതി. 19.03.19	Ss1= 663.38 Rs1= 214.62 S65= 1646.75	3.64 1.07 10.55	15.26	4288
15	40/19 ബെമ്മണ്ണൂർ ബ്രാഞ്ച് റോഡ് മെറ്റലിംങ്ങും ടാറിംങ്ങും (മെയിന്റെനൻസ് ഗ്രാന്റ്-റോഡ്)	ശ്രീ.ഹരിദാസ്.കെ 22/19	155131 ബിൽനം. 71/18-19 തിയതി. 27.03.19	Ss1= 148.50 Rs1= 116.16 S65= 1105.92	0.82 0.58 7.09	8.49	2386
16	81/19 മുടപ്പള്ളിത്തറ കോളനി ഭഗവതിക്ഷേത്രം റോഡ് മെറ്റലിംങ്ങും ടാറിംങ്ങും, റീടാറിംങ്ങും (വികസന ഫണ്ട്-scp)	ശ്രീ.കെ.വി. രമേഷ് 41/19	288199 ബിൽനം. 72/18-19 തിയതി . 27.03.19	Ss1= 190.61 Rs1= 168.42 S65= 1663.74	1.05 0.84 10.66	12.55	3527
17	36/19 ചീരാത്തുപാടം റോഡ് മെറ്റലീംങ്ങ്, ടാറിംങ്ങും (മെയിന്റെനൻസ് ഗ്രാന്റ്-റോഡ്)	ശ്രീ.കെ.വി. രമേഷ് 14/19	400000 ബിൽനം. 55/18-19 തിയതി. 19.03.19	Ss1= 559.68 Rs1= 181.07 S65= 1389.33	3.07 0.91 8.91	12.89	3622
18	56/19 ചക്കുപറമ്പ് റോഡ് മെറ്റലിങ്ങും,ടാറിങ്ങും (മെയിന്റെനൻസ് ഗ്രാന്റ്-റോഡ്)	ശ്രീ.ഹരിദാസ്.കെ 31/19	399353 ബിൽനം. 57/18-19 തിയതി. 19.03.19	Ss1= 329.89 Rs1= 106.73 S65= 818.9	1.81 0.53 5.25	7.59	2133
19	58/19 തച്ചംകോട് പുളിക്കപ്പൊറ്റ റോഡ് മെറ്റലിംങ്ങും ടാറിംങ്ങും (മെയിന്റെനൻസ് ഗ്രാന്റ്-റോഡ്)	ശ്രീ.ഹരിദാസ്.കെ 18/19	248460 ബിൽനം. 58/18-19 തിയതി. 19.03.19	Ss1= 254.15 Rs1= 82.23 S65= 630.89	1.40 0.41 4.0	5.81	1633
20	60/19 കോട്ട മണിമല റോഡ് മെറ്റലീംങ്ങ്, ടാറിംങ്ങും (മെയിന്റെനൻസ് ഗ്രാന്റ്-റോഡ്)	ശ്രീ.കെ.വി. രമേഷ് 19/19	249664 ബിൽനം. 41/18-19 തിയതി. 11.03.19	Ss1= 317.93 Rs1= 102.86 S65= 789.22	1.74 0.51 5.06	7.31	2054
21	38/19 കൊട്ടേക്കാട് ഈസ്റ്റ് പരുത്തിപ്പള്ളി റോഡ് മെറ്റലിംങ്ങും ടാറിംങ്ങും (മെയിന്റെനൻസ് ഗ്രാന്റ്-റോഡ്)	ശ്രീ.കെ.വി. രമേഷ് 16/19	300000 ബിൽനം. 42/18-19 തിയതി. 11.03.19	Ss1= 420.22 Rs1= 135.95 S65= 1043.14	2.31 0.68 6.69	9.68	2720
22	52/19 കിഴക്കേമുറി റോഡ് മെറ്റലിംങ്ങ്, ടാറിംങ്ങ്, റീടാറിംങ്ങ് (മെയിന്റെനൻസ് ഗ്രാന്റ്-റോഡ്)	ശ്രീ.ഹരിദാസ്.കെ 27/19	484989 ബിൽനം. 46/18-19 തിയതി. 19.03.19	Ss1= 474.27 Rs1= 256.83 S65= 2328	2.61 1.28 14.92	18.81	5286
23	39/19 കൈപ്പറമ്പ് റോഡ് മെറ്റലിങ്ങും, ടാറിങ്ങും	ശ്രീ.കെ.വി. രമേഷ് 17/19	400000 ബിൽനം. 44/18-19	Ss1= 560.28 Rs1= 181.27	3.08 0.91	12.91	3627

	(മെയിന്റെനൻസ് ഗ്രാന്റ്-റോഡ്)		തിയതി. 19.03.19	S65= 1390.81	8.92		
24	57/19 കുറവപ്പള്ളി ക്ഷേത്രം റോഡ് മെറ്റലിങ്ങ്, ടാറിങ്ങ് (മെയിന്റെനൻസ് ഗ്രാന്റ്-റോഡ്)	ശ്രീ.ഹരിദാസ്.കെ 32/19	400000 ബിൽനം. 47/18-19 തിയതി. 19.03.19	Ss1= 469.20 Rs1= 151.80 S65= 1164.72	2.58 0.76 7.47	10.81	3038
25	35/19 തോട്ടക്കര ബ്രാഞ്ച് റോഡ് മെറ്റലിങ്ങ്, ടാറിങ്ങ് (മെയിന്റെനൻസ് ഗ്രാന്റ്-റോഡ്)	ശ്രീ.കെ.വി. രമേഷ് 13/19	399000 ബിൽനം. 49/18-19 തിയതി. 19.03.19	Ss1= 558.11 Rs1= 180.57 S65= 1385.43	3.07 0.90 8.88	12.85	3611
26	156/19 കല്ലേമൂച്ചിക്കൽ റോഡ് മെറ്റലിംങ്, ടാറിംങ്. (മെയിന്റെനൻസ് ഗ്രാന്റ്-റോഡ്)	ശ്രീ.കെ.വി. രമേഷ് 48/19	99160 ബിൽനം. 60/18-19 തിയതി. 21.03.19	Ss1= 101.18 Rs1= 32.73 S65= 251.15	0.56 0.16 1.61	2.33	655
27	15/19 കുന്നത്ത്പറമ്പ്ഭാരത-പ്പുഴ റോഡ് റീടാറിംങ് (മെയിന്റെനൻസ് ഗ്രാന്റ്-റോഡ്)	ശ്രീ.കെ.വി. രമേഷ് 06/19	93978 ബിൽനം. 61/18-19 തിയതി. 21.03.19	Ss1= 50.15 Rs1= 48.48 S65= 483.90	0.28 0.24 3.10	3.62	1017
28	155/19 വടക്കുമുറി മേൽവീട് റോഡ് മെറ്റലിംങ്, ടാറിംങ്, സംരക്ഷണം (മെയിന്റെനൻസ് ഗ്രാന്റ്-റോഡ്)	ശ്രീ.കെ.വി. രമേഷ് 47/19	100000 ബിൽനം. 63/18-19 തിയതി. 18.03.19	Ss1= 76.42 Rs1= 24.73 S65= 189.69	0.42 0.12 1.22	1.76	495
29	31/19 മങ്ങാട്ടതൊടി റോഡ് റീടാറിംങ് (മെയിന്റെനൻസ് ഗ്രാന്റ്-റോഡ്)	ശ്രീ.കെ.വി. രമേഷ് 9/19	300000 ബിൽനം. 64/18-19 തിയതി. 27.03.19	Ss1= 203.64 Rs1= 140.49 S65= 1338.15	1.12 0.70 8.58	10.4	2922
30	151/19 പെരുവല മേപ്പാലക്കോട് കോളനി റോഡ് മെറ്റലിംങ്, ടാറിംങ്. (വികസന ഫണ്ട്-scp)	ശ്രീ.കെ.വി. രമേഷ് 45/19	205000 ബിൽനം. 66/18-19 തിയതി. 27.03.19	Ss1= 143.27 Rs1= 46.35 S65= 355.66	0.79 0.23 2.28	3.3	927
31	26/19 ചേരാംകുളങ്ങര കനാൽബണ്ട് റോഡ് മെറ്റലിംങ്ങ്, ടാറിംങ്ങ് (മെയിന്റെനൻസ് ഗ്രാന്റ്-റോഡ്)	ശ്രീ.കെ.വി. രമേഷ് 7/19	484641 ബിൽനം. 68/18-19 തിയതി. 27.03.19	Ss1= 531.95 Rs1= 172.10 S65= 1320.50	2.92 0.86 8.46	12.24	3439
	ആകെ					336.64	94596

ഫൈനൽ ബിൽ നല്കുന്ന വേളയിൽ ബാരലുകളുടെ വില കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതായിരുന്നു. ബില്ലുകൾ തയ്യാറാക്കുന്നതിൽ എഞ്ചിനിയറിംഗ് വിഭാഗം കുറേക്കൂടി ജാഗ്രത പുലർത്തിയാൽ ഇത്തരം അപാകതകൾ ഒഴിവാക്കാവുന്നതാണെന്ന് വിലയിരുത്തുന്നു. 31 പ്രവൃത്തികൾക്കായി ഉപയോഗിച്ച 336.64 ബാരലുകളുടെ വില 94596

രൂപ കരാറുകാരിൽ നിന്നും ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം 16 തിയതി. 27.01.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തികൾക്കായി ഉപയോഗിച്ച ബാരലുകളുടെ വില 94596 രൂപ കരാറുകാരിൽ നിന്നും ഈടാക്കി അതത് ഫണ്ടിലേക്ക് അടവാക്കേണ്ടതും ആയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

1-20 കുടിവെള്ള പദ്ധതിക്ക് ജലലഭ്യതാ ടെസ്റ്റ് (യീൽഡ് ടെസ്റ്റ്) നടത്താതെ മോട്ടോറുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച്.

2018-19 സാമ്പത്തിക വർഷത്തിൽ അസി.എഞ്ചിനിയർ നിർവഹണോദ്യോഗസ്ഥനായി വികസന (scp) ഫണ്ടുപയോഗിച്ച് താഴെ പറയുന്ന കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

ക്രമ നം	പ്രൊജക്റ്റ് നം,പേര്	അടങ്കൽ	ചെലവ്	ബില്ലിന്റെ വിവരം
1	87/2019- മുഴയൻകുന്ന് കോളനി കുടിവെള്ള പദ്ധതി	499000	488574	73/2018-19 തിയതി-27-03-19
2	150/2019- മണ്ണുപറമ്പ് കോളനി മോട്ടോർ സ്ഥാപിക്കലും,പൈപ്പ് ലൈൻ ദീർഘിപ്പിക്കലും	350000	350000	10/2018-19 തിയതി-18-01-19
3	149/2019- കിഴക്കേക്കര കുടിവെള്ള പദ്ധതി	235000	235000	15/2018-19 തിയതി-18-01-19
4	170/2019- നായാടി കോളനി കുടിവെള്ള പദ്ധതിക്ക് മോട്ടോർ സ്ഥാപിക്കൽ	140000	138071	22/2018-19 തിയതി-11-03-19

മേൽപറഞ്ഞ കുടിവെള്ള പദ്ധതികൾക്ക് പ്രൊജക്റ്റ് വച്ച് അംഗീകാരം വാങ്ങുകയും പ്ലാൻ (scp)ഫണ്ടിൽ നിന്നും തുക ചെലവഴിക്കുകയും ചെയതിട്ടുണ്ട്. കരാർ മുഖേനയാണ് പദ്ധതി നിർവഹണം നടത്തിയിട്ടുള്ളത്. കുടിവെള്ള പദ്ധതിക്കായി ബോർവെൽ കുഴിച്ച് ,മോട്ടോർ

സ്ഥാപിക്കൽ, പൈപ്പ് ലൈൻ സ്ഥാപിക്കൽ എന്നീ വർക്കുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതിയിൽ മോട്ടോർ സ്ഥാപിക്കുന്നതിന് ഒരു HP ക്ക് 18135രൂപ നിരക്കിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. മോട്ടോറുകൾ സ്ഥാപിക്കുന്നതിന് മുന്നോടിയായി കുഴൽകിണറിലെ ജലലഭ്യതാ ടെസ്റ്റ് (യീൽഡ് ടെസ്റ്റ്) നടത്തി മോട്ടോർ സ്ഥാപിക്കേണ്ട ആഴം കണക്കിലെടുത്ത് സ്റ്റേജ് നിശ്ചയിച്ചുവേണം മോട്ടോറുകൾ സ്ഥാപിക്കാൻ എന്ന നിർദ്ദേശം പാലിച്ചിട്ടില്ല . മോട്ടോറിന്റെയും അനുബന്ധ സാമഗ്രികളുടെയും വില സ്റ്റേജ് അനുസരിച്ച് മാറുമെന്നതിനാൻ സ്ഥാപിക്കേണ്ട മോട്ടോറിന്റെ ഹോഴ്സ് പവർ നിശ്ചയിക്കുന്നതിന് yield test ഒഴിച്ചുകൂടാനാവാത്തതാണ്.

<u>മേൽ വിഷയവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.</u>

1. കുടിവെള്ള പദ്ധതികളിലെ മോട്ടോറുകൾ മാറ്റി സ്ഥാപിക്കുന്ന വേളകളിൽ പഴയ മോട്ടോറുകൾ തിരികെ ലഭ്യമാക്കി സ്റ്റോക്കിലെടുക്കേണ്ടതും റിപ്പയർ ചെയ്യാൻ ആവുന്നവ പ്രവർത്തന സജ്ജമാക്കി പുനരുപയോഗിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

2. യീൽഡ് ടെസ്റ്റ് നടത്തി സ്റ്റേജിനനുസൃതമായ മോട്ടോറുകൾ സ്ഥാപിക്കാൻ പ്രത്യേകം നിഷ്കർഷിക്കേണ്ടതാണ്.

3. കൃത്യമായ ഇടവേളകളിൽ കുടിവെള്ള പദ്ധതികളിലെ ജലം ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കി ശുദ്ധത ഉറപ്പുവരുത്തേണ്ടതാണ്.

4. ജലത്തിനായി കുഴൽ കിണറുകളെ അമിതമായി ആശ്രയിക്കുക നിമിത്തം ഭൂഗർഭ ജലനിരപ്പ് ക്രമാതീതമായി താഴ്ന്ന് പോവുന്നതിന് ഇടവരുമെന്നതിനാൽ പരമ്പരാഗതമായ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും ഭൂഗർഭ ജലനിരപ്പ് റീചാർജ്ജ് ചെയ്യുന്നതിനും ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് പ്രത്യേക പ്രാധാന്യം നൽകേണ്ടതാണ്.

1-21 പൊതു ടാപ്പുകളുടെ വെള്ളക്കരം അടവാക്കിയതിൽ പിഴഒടുക്കിയത് അംഗീകരിക്കുന്നില്ല

കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ളതും പെരിങ്ങോട്ടുകുർശി ഗ്രാമപഞ്ചായത്ത് പരിധിയിൽ പെടുന്നതുമായ 121 പൊതുടാപ്പുകളുടെ പ്രതിമാസം അടവാക്കേണ്ട വെള്ളക്കരം 52938 രൂപയാണ്. (121*5250 = 635250, 635250/12 =52938) 14.05.2018 ലെ 25707 നം. ബിൽ പ്രകാരം 04/2018,05/2018 എന്നീ മാസങ്ങളിലെ വെള്ളക്കരം 105876/-രൂപയും (52938*2=105876) 04/2018ലെ പിഴ 1371/-രൂപയുമടക്കം 107247/-രൂപ അടയ്ക്കുവാൻ ആവശ്യപ്പെട്ടിരുന്നു. വൌച്ചർ നം. 21800133/23.05.18 പ്രകാരം 05/18 ലെ വെള്ളക്കരവും 04/18 ലെ വെള്ളക്കരവും പിഴയും ചേർത്ത് 107247/- രൂപ അടവാക്കിയതായി കാണുന്നു. തനതുഫണ്ടിൽ 04/2018ൽ മതിയായ തുക നീക്കിയിരുപ്പ് ഉണ്ടായിരിക്കെ (പി എൻ ബി

പെരിങ്ങോട്ടുകുർശി അക്കൗണ്ട് നം.7699- 10037692 രൂപ) യഥാസമയം വെള്ളക്കരം അടവാക്കാതിരുന്നതുമൂലം ഉണ്ടായ പിഴ ഒടുക്കിയത് അംഗീകരിക്കുന്നില്ല. ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/24.01.2020) മറുപടി നൽകിയിട്ടില്ല. വെള്ളക്കരം പിഴ ഇനത്തിൽ അടവാക്കിയ 1371/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-22 പൊതു ടാപ്പുകൾ നിർത്തലാക്കിയത് -അഭിനന്ദനാർഹം

കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ളതും പെരിങ്ങോട്ടുകുർശി ഗ്രാമപഞ്ചായത്ത് പരിധിയിൽ പെടുന്നതുമായ പൊതുടാപ്പുകൾ 121 എണ്ണം ആണ്.ആയതിന്റെ പ്രതിമാസം അടവാക്കേണ്ട വെള്ളക്കം 52938 രൂപയാണ് (121*5250 = 635250, 635250/12 =52938). 14.12.2018 ലെ 7(9)-ാം നമ്പർ തീരുമാന പ്രകാരം ഗ്രാമപഞ്ചായത്തിൽ എല്ലാ വാർഡുകളിലും ശുദ്ധജലം ലഭ്യമായതിനാലും, കേരള വാട്ടർ അതോറിറ്റിയുടെ പൊതുടാപ്പുകൾ ദുരുപയോഗം ചെയ്യാൻ സാധ്യതയുള്ളതിനാലും ആയത് ഒഴിവാക്കുന്നതിന് തീരുമാനിക്കുകയും ടാപ്പുകൾ നീക്കം ചെയ്യുന്നതിന് ആവശ്യമായ തുകയുടെ എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെടുകയും എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 85577/- രൂപ ഡിസ് കണക്ഷൻ ചാർജ്ജ് അടക്കുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 03/2019 മുതൽ വെള്ളക്കരം ഇനത്തിൽ തുക അടവാക്കിയിട്ടില്ല. മേൽ നടപടി മൂലം ഗ്രാമപഞ്ചായത്തിന് പ്രതിവർഷം 635250/- രൂപ ലാഭിക്കാനായിട്ടുണ്ട്. പ്രസ്തുത നടപടി അഭിനന്ദനം അർഹിക്കുന്നു.

1-23 തെരുവു വിളക്കുകൾ സ്ഥാപിക്കൽ- നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം അടവാക്കിയിട്ടില്ല

പ്രൊജക്റ്റ് (സ്പിൽ ഓവർ)	113/19 തെരുവ് വിളക്കുകൾ വാങ്ങൽ (സിംഗിൾ ട്യൂബ്, ഡബിൾ ട്യൂബ്)
അടങ്കൽ	490000 ധനകാര്യ കമ്മീഷൻ ഗ്രാന്റ്
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി

ചെലവ്	482000
ബിൽ നം	11/24.05.18
ഇൻവോയ്സ് നം	1) B2C/LB-12/20-3.18-66000 രൂപ 2) B2C/45/06.01.18-416000 രൂപ
കരാർ	16(1)/SEC/PKY/2017-18 dt 09.11.17
സ്ഥാപനം	എഡിസൺ ഇലക്ട്രോണിക്സ്, കൊച്ചി

മേൽ പ്രൊജക്ട് പ്രകാരം ടെണ്ടർ മുഖാന്തിരം എഡിസൺ ഇലക്ട്രോണിക്സ് കൊച്ചി എന്ന സ്ഥാപനത്തിൽനിന്നും 230 സിംഗിൾ ട്യൂബുകളും(1*40 w) 100 ഡബിൾ ട്യൂബുകളും (2*40 w) ചേർത്ത് ആകെ 330 ട്യൂബുകൾ ഇൻവോയ്സ് നം B2C/45/06.01.18 പ്രകാരം വാങ്ങിയിട്ടുണ്ട്. ആയത് സ്ഥാപിച്ചതിന്റെ ലേബർ ചാർജ്ജ് ആയി ഇൻവോയ്സ് നം B2C/LB-12/20-3.18 പ്രകാരം 66000 (330*200) രൂപയുടെ ബിൽ ഹാജരാക്കുകയും തുക നൽകുകയും ചെയ്തിട്ടുണ്ട്.

കേരള കൺസ്ട്രക്ഷൻ വെൽഫെയർ ഫണ്ട് ആക്ട് 1989 സെക്ഷൻ 8(2) ,സർക്കുലർ നം 2173/C3/97/ത.ഭ.വ. തി 18,03.97 എന്നിവ പ്രകാരം ലേബർ ഘടകം ഉൾപ്പെട്ടിട്ടുള്ള എല്ലാ കരാറുകളിൽ നിന്നും കരാർ തുകയുടെ 1% തുക ബില്ലിൽ നിന്നും കുറവുവരുത്തി നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിൽ അടവാക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.എന്നാൽ ആയത് കുറവുചെയ്യാതെയാണ് (4820 രൂപ) തുക നൽകിയിരിക്കുന്നത് .ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 04/23.01.2020) നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം 4820 രൂപ അടവാക്കുന്നതിന് കരാറുകാരന് കത്ത് നൽകിയിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്നമുറയക്ക് തുക അടക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-24 തെരുവു വിളക്കുകൾ മുഴുവനായി മീറ്ററിംഗ് സംവിധാനത്തിലേക്ക് മാറ്റേണ്ടതാണ്

ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ 1337188/-രൂപ കെ.എസ്.ഇ.ബി പെരിങ്ങോട്ടുകുർശി, കുത്തനൂർ എന്നീ

ഇലക്ട്രിക്കൽ സെക്ഷനുകളിൽ അടവാക്കിയിട്ടുണ്ട്

എ) മീറ്ററിംഗ് സംവിധാനമില്ലാത്ത തെരുവുവിളക്കുകളുടെ വിവരം

കെ.എസ്.ഇ.ബിയുടെ ഇൻവോയ്സ് പ്രകാരം മീറ്ററിംഗ് ആക്കിയിട്ടില്ലാത്ത തെരുവുവിളക്കുകളുടെഎണ്ണം ചുവടെ കൊടുക്കുന്നു

പെരിങ്ങോട്ടുകുർശി ഇലക്ട്രിക്കൽ സെക്ഷൻ (കൺസ്യൂമർ നം. 1167274000020)

ക്രമ നം	ഇനം	വാട്ട്	എണ്ണം	നിരക്ക്	തുക
1	ഓർഡിനറി ബൾബ്	40	48	66	17135
2	എൽ ഇ ഡി		23	14	
3	ഡബിൾ ട്യൂബ് 2*40	80	37	134	
4	എസ് വി എൽ	250	17	447	
5	സി എഫ് എൽ	15	34	32	
	ആകെ		159		

മീറ്ററിംഗ് ആക്കാത്ത തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ 205620/-രൂപ (17135*12=205620) അടവാക്കിയിട്ടുണ്ട്.

ബി. നിലിവിലില്ലാത്ത സാധാരണ ലാമ്പുകൾക്ക് ഒടുക്കുന്ന വൈദ്യുതി ചാർജ്ജ് ക്രമീകരിച്ചില്ല

സാധാരണ ലാമ്പുകൾ വാങ്ങുന്നതിനും അറ്റകുറ്റപണികൾ നടത്തുന്നതിനും മുൻ വർഷങ്ങളിലൊന്നും ഗ്രാമ പഞ്ചായത്ത് തുക വകയിരുത്തിയിട്ടില്ല. വിവിധ ഘട്ടങ്ങളിലായി സാധാരണ ലാമ്പുകൾക്ക് പകരം ട്യൂബ് ലൈറ്റുകളും സി.എഫ്.എല്ലും എൽ.ഇ.ഡി ലാമ്പുകളും സ്ഥാപിച്ചിട്ടുണ്ട്. ആയതിനാൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ സാധാരണ ലാമ്പുകൾ നിലവിലുണ്ടെന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല. ഇക്കാരണങ്ങളാൽ വൈദ്യുതി ബോർഡ് 40 വാട്ടിന്റെ 48 സാധാരണ ലാമ്പുകൾക്ക് വൈദ്യുതി ചാർജ്ജ് ചുമത്തുന്നതും പഞ്ചായത്ത് പ്രസ്തുത തുക ഒടുക്കുന്നതും പുനപരിശോധിക്കേണ്ടതാണ്. സംയുക്ത പരിശോധന നടത്താത്തതിനാൽ വൈദ്യുതി ചാർജ്ജ് ഒടുക്കുന്നത് ഓഡിറ്റ് സമയത്തും തുടർന്നു വരുന്നുണ്ട്.

സി. തെരുവുവിളക്കുകളുടെ പരിപാലനച്ചെലവ്

സാധന സാമഗ്രികൾ വാങ്ങുവാനും അറ്റകുറ്റപണികൾക്കുമായി തൻവർഷം ചെലവഴിച്ച തുകകളുടെ വിവരം താഴെ ചേർക്കുന്നു.

ക്രമ നം.	പ്രൊജക്ട് നം.	ചെലവ്	ഫണ്ടിനം
1	115/19 തെരുവു വിളക്ക് പരിപാലനം (എ എം സി)	431055	തനതു ഫണ്ട്
2	22/19 പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ	1000000	ധനകാര്യ കമ്മീഷൻ ഗ്രാന്റ്
	ആകെ	1431055	

ഡി. ഊർജ്ജ ഉപഭോഗം കുറയ്ക്കുന്നതിനുള്ള പദ്ധതികൾ

താരതമ്യേന ഊർജ്ജ ഉപഭോഗം കൂടുതലുള്ള സോഡിയം വേപ്പർ ലാമ്പുകളും ഫ്ലൂറസന്റ് ലാമ്പുകളും ഒഴിവാക്കി സോളാർ പാനലുകൾ, എൽ.ഇ.ഡി ലാമ്പുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള പ്രൊജക്റ്റുകൾ ആവിഷ്കരിക്കുവാൻ നടപടികൾ ഉണ്ടാകേണ്ടതാണ്. എൽ.ഇ.ഡി ലാമ്പുകളുടെ ശരാശരി ആയുസ്സ് കൂടുതൽ ആയതിനാൽ അവ കൂടുതൽ കാലം നിലനിൽക്കുന്നതാണ്. ഇപ്രകാരം വൈദ്യുതി ചാർജ്ജിനത്തിലെ കുറവ് കൂടാതെ പരിപാലനത്തിനായി ചെലവഴിക്കുന്ന തുകയിലും കുറവ് വരുത്താവുന്നതാണ്. മീറ്ററിംഗ് സംവിധാനം മുഴുവനായും നിലവിൽ വരുന്നതോടെ കൂടുതൽ നേട്ടം പ്രതീക്ഷിക്കാവുന്നതാണ്.

ഗ്രാമ പഞ്ചായത്തുകൾ തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിലെ കൃത്യത ഉറപ്പുവരുത്തുനതിനായി മീറ്റർ സമ്പ്രദായം ഏർപ്പെടുത്താമെന്ന് ബി.ഒ.(എഫ്.ബി.)നമ്പർ 496/2004 (എൽ.ജി/സി.ഒ.എം.3515/98 തീയ്യതി 23.02.2004 കെ.എസ്.ഇ.ബി. ബോർഡ് സെക്രട്ടറി) പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തും കെ.എസ്.ഇ .ബി.യുമായി സംയുക്ത പരിശോധന നടത്തി തെരുവുവിളക്കുകളുടെ നിജസ്ഥിതി തിട്ടപെടുത്തിയിട്ടുള്ളതിന്റെ വിവരം, മീറ്ററിംഗ് ആക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്നിവ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.13/24.01.2020) സംയുക്ത പരിശോധന നടത്തുന്നതിന് കെ.എസ്.ഇ.ബി പെരിങ്ങോട്ടുകുർശി, കുത്തനൂർ എന്നീ ഇലക്ട്രിക്കൽ സെക്ഷനുകൾക്ക് കത്ത് നൽകിയിട്ടുണ്ടെന്നും തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

ഇ. ഓഡിറ്റ് നിർദ്ദേശങ്ങൾ

1. വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിനുള്ള ശ്രമം ഊർജ്ജിതമാക്കി തെരുവു വിളക്കുകളുടെ കൃത്യമായ വിവരം ശേഖരിച്ച് കണക്കുകൾ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

2. ഓരോ വർഷവും പുതിയതായി ലാമ്പുകൾ സ്ഥാപിക്കുമ്പോളും നിലവിലുള്ളവ മാറ്റി പുതിയ ഇനം ലാമ്പുകൾ സ്ഥാപിക്കുമ്പോളും കണക്കുകളിൽ മാറ്റം വരുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

3. നിലവിലില്ലാത്ത ലാമ്പുകൾക്ക് വൈദ്യുതി ബോർഡ് ഈടാക്കി വരുന്ന തുക മുൻകാല പ്രാബല്യത്തോടെ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. അറ്റകുറ്റപണികൾക്കാവശ്യമായ ലാമ്പുകൾ ആവശ്യകത വിലയിരുത്തി മാത്രം വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.

5. മീറ്റർ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികളുടെ അടിയന്തിര പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്.

29.01.2020 ന് നടന്ന എക്സിറ്റ് മീറ്റിംഗിൽ മേൽ വിഷയങ്ങൾ ചർച്ച ചെയ്യുകയുണ്ടായി. തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അധികാരികൾ അറിയിച്ചിട്ടുണ്ട്.

തെരുവുവിളക്കുകളുടെ പരിപാലനത്തിനായി ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഭരണ സമിതിയും ഉദ്യോഗസ്ഥരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-25 ശമ്പള പരിഷ്ക്കരണ കുടിശ്ശിക - ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ ശമ്പളം ജി.ഒ.(പി)7/16 ഫിൻ തീയതി.20.01.2016 ഉത്തരവ് പ്രകാരം പരിഷ്കരിച്ചതിന്റെ ഭാഗമായി 2014 മുതലുള്ള ശമ്പള കുടിശ്ശിക 3 ഗഡുക്കളായി ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും 4-ാം ഗഡു ജീവനക്കാർക്ക് പണമായി നൽകുന്നതിനും സർക്കാർ ഉത്തരവായിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം 3-ാംഗഡു ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുകയും 4-ാം ഗഡു ശമ്പള കുടിശ്ശിക പണമായി വിതരണം ചെയ്തിട്ടുണ്ട്. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

ഗഡു	വൗച്ചർ നമ്പർ/തീയതി	തുക

3	21800099/05.05.18	151328
3	21800100/05.05.18	37511
	ആകെ	188839
4	21800492/04.10.18	32177
4	21800442/01.10.18	135168
	ആകെ	167345

മേൽ ഉത്തരവ് ഖണ്ഡിക 48 (1) പ്രകാരം വർദ്ധിപ്പിച്ച് നൽകിയ ശമ്പളത്തിന് ആനുപാതികമായ പെൻഷൻ കോൺട്രിബ്യൂഷൻ സ്ഥാപനം അടവാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ശമ്പള കുടിശ്ശിക 1, 2,3 ഗഡുക്കൾ പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുകയും 4-ാം ഗഡു ജീവനക്കാർക്ക് പണമായി അനുവദിച്ചു നൽകി എങ്കിലും പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയിട്ടില്ല.

ശമ്പള കുടിശ്ശിക നൽകിയ ഇനത്തിൽ പെൻഷൻ കോൺട്രിബ്യൂഷൻ തുക അടവാക്കേണ്ടിയിരുന്നിട്ടും, ഇതിന് 2017-18, 2018-19 ബജറ്റിൽ വകയിരുത്തുകയോ, അടവാക്കുകയോ ചെയ്തിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/24.01.2020) 2019-20 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തി തുക സർക്കാരിലേക്ക് അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

1-26 കരാട്ടെ പരിശീലകർക്ക് നിശ്ചിത യോഗ്യത ഉറപ്പാക്കേണ്ടതാണ്.

പ്രൊജക്ട് -കരാട്ടെ പരിശീലനം

പ്രൊജക്ട് നമ്പർ-97/19

അടങ്കൽ -40000

ചെലവ് -40000

ബിൽ നമ്പർ 2/19 dt 13.3.19.

കരാട്ടെ പരിശീലനം നടത്തുന്നതിനായി പത്ര പരസ്യം നൽകുകയും അഭിമുഖം നടത്തി ശ്രീ വാസു.ബി എന്നവരെ തിരഞ്ഞെടുക്കുയും ചെയ്തിട്ടുണ്ട്. ജി.എൽ.പി.സ്കൂൾ, പെരുങ്ങോട്ടുകുറിശ്ശിയിലെ 1 മുതൽ 4 വരെയുള്ള വിദ്യാർത്ഥികൾക്ക് കരാട്ടെ പരിശീലനം നൽകുന്നതിനായി 40000 രൂപ ചെലവഴിച്ചിട്ടുണ്ട്.

സ്കൂളിലെ 73 വിദ്യാർത്ഥികൾക്കായി 17.09.18 മുതൽ 15.2.19 വരെ 100 ദിവസങ്ങളിൽ പരിശീലനം നടത്തിയതിനായി ഒരു ദിവസത്തിന് 400 രൂപ നിരക്കിൽ ആകെ 40000 രൂപ നൽകിയിട്ടുണ്ട്. സ.ഉ.(കൈ) നം.11/2018ത.സ്വ.ഭ.വ. തി. 29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 6.4.6 പ്രകാരം സ്പോർട്സ് കൗൺസിൽ അംഗീകരിച്ച പരിശീലകരുടെ സഹായത്തോടെ വിദ്യാർത്ഥികൾക്ക് കായിക പരിശീലനം നൽകാവുന്നതാണ്. പ്രൊജക്റ്റ് നിർവ്വഹണം നടത്തുന്നതിന് അപേക്ഷകരെ ക്ഷണിക്കുന്നതിന് നൽകിയ പത്രക്കുറിപ്പിൽ ഇക്കാര്യം സൂചിപ്പിച്ചിട്ടില്ല. തിരഞ്ഞെടുത്ത പരിശീലകന് സ്പോർട്സ് കൗൺസിൽ അംഗീകരിച്ച യോഗ്യത ഉണ്ടെങ്കിൽ ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണം (2/21.1.2020) നൽകിയതിന് പരിശീലകനെ തിരഞ്ഞെടുക്കുന്നതിന് നടത്തിയ കൂടിക്കാഴ്ചയിൽ 10 പേർ പങ്കെടുത്തിരുന്നുവെങ്കിലും ആർക്കും സ്പോർട്സ് കൗൺസിൽ അംഗീകാരം ഉണ്ടായിരുന്നില്ലെന്നും ഭാവിയിൽ സ്പോർട്സ് കൗൺസിൽ അംഗീകാരം ഉള്ളവരെ മാത്രമാണ് നിയമിക്കുള്ളൂവെന്നും സൂചിപ്പിച്ചിട്ടുണ്ട്.വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം കരാട്ടെ പരിശീലനം നടത്തുവാൻ ശുപാർശ ചെയ്തിട്ടുണ്ടെങ്കിലും തുടർന്ന് പദ്ധതി സംബന്ധിച്ച് ചർച്ചകളൊന്നും നടന്നിട്ടില്ല.

പദ്ധതിമാർഗരേഖയിലെ നിർദേശങ്ങൾക്ക് അനുസരിച്ച് മാത്രം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ നിർവഹണഉദ്യോഗസ്ഥരും സ്റ്റാന്റിംഗ് കമ്മിറ്റികളും ശ്രദ്ധിക്കേണ്ടതാണ്

1-27 എസ്.എസ്.എ.ക്ക് വിഹിതം നൽകൽ

-

2018-19 ൽ വിദ്യാഭ്യാസമേഖലയിൽ നടപ്പാക്കിയ പ്രൊജക്ടുകളുടെ വിശദാംശം താഴെ കൊടുക്കുന്നു

ക്രമ നം.	പ്രൊജക്ടിന്റെ പേര്	പ്രൊജക്റ്റ് നമ്പർ	വകയിരുത്തിയ തുക	ചെലവഴിച്ച തുക
1	എസ്.എസ്.എ. ഗ്രാമപഞ്ചായത്ത് വിഹിതം	2	832451 (വികസന ഫണ്ട്)	832451 (വികസന ഫണ്ട്)

ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസമേഖലയിലെ വിവിധ പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് എസ്.എസ്.എ.ക്ക് മേൽ തുക കൈമാറിയിട്ടുണ്ട്. സ.ഉ.(കൈ) നം.11/2018ത.സ്വ.ഭ.വ. തി. 29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ 7.6-3 ൽ ഗ്രാമപഞ്ചായത്തുകൾ ഗവൺമെന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.എ. പ്രോജക്ടുകൾക്ക് വകയിരുത്തണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. മാത്രമല്ല ഈ പ്രോജക്ടുകളുടെ വിശദാംശം തയ്യാറാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനം അതിന്റെ പങ്ക് വഹിക്കണം എന്നും നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്ത് തുക കൈമാറിയതല്ലാതെ എസ്.എസ്.എയുടെ പ്രൊജക്ടുകളുടെ

നടത്തിപ്പുമായി ബന്ധപ്പെട്ട് ക്രിയാത്മകമായ ഇടപെടലുകളൊന്നും നടത്തിയിട്ടില്ല. പ്രൊജക്ട് രൂപീകരണത്തിൽ ഇടപെടൽ നടത്തേണ്ടിയിരുന്ന വിവിധ ഘടകങ്ങളായ വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ്കമ്മറ്റി, പഞ്ചായത്ത് ഭരണസമിതി എന്നിവയ്ക്ക് എസ്.എസ്.എ പ്രൊജക്ടുകളെ കുറിച്ച് കൃത്യമായ ഇടപെടൽ നടത്താൻ സാധിച്ചിട്ടില്ല. പഞ്ചായത്ത് പരിധിയിൽ തുക ചിലവഴിച്ച സ്കൂളുകൾ, ചിലവിന്റെ മറ്റ് വിശദാംശങ്ങൾ എന്നിവ ലഭ്യമല്ല. ഇതു കാരണം ജി.ഒ (എം.എസ്)11/2018/ത.സ്വ.ഭ.വ തി.29-01-2018 13.1 അനുസരിച്ചുള്ള മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകുക എന്ന പ്രക്രിയ ഇവിടെ സാധ്യമായിട്ടില്ല. ഇക്കാര്യത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-28 വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്

1)പ്രൊജക്ട് - എ.ബി.സി പദ്ധതി - (165/19)

അടങ്കൽ - 350000 തനത്ഫണ്ട്

ചെലവ് – 350000 (ചെക്ക് നമ്പർ-2103334/4.8.18)

നിർവഹണം- വെറ്റിനറി സർജൻ

തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണ പദ്ധതിയായ എ.ബി.സി പദ്ധതി ജില്ലാ പഞ്ചായത്ത് മുഖേനയാണ് നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതിക്കുള്ള ഗ്രാമ പഞ്ചായത്ത് വിഹിതമായി 350000 രൂപ തനത് ഫണ്ടിൽ നിന്നും ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് (79901140000 2200) നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിൽ എ.ബി .സി പദ്ധതി നടപ്പിലാക്കിയതിന്റെ വിവരം (എണ്ണം ഉൾപ്പെടെ) , തുക വിനിയോഗിച്ചതിന്റെ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (6/23.1.20) പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് വിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കാമെന്ന് മറുപടി നൽകിയിട്ടുണ്ട്. നിർവഹണ ഉദ്യോഗസ്ഥൻ പദ്ധതി നടത്തിപ്പ് മോണിറ്റർ ചെയ്യേണ്ടതും ഗ്രാമപഞ്ചായത്തിൽ പദ്ധതി സമയബന്ധിതമായി നടത്തുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതും പദ്ധതി തുകയുടെ വിനിയോഗസാക്ഷ്യപത്രം ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കേണ്ടതുമാണ്.

2) പ്രൊജക്ട് - കന്നുകുട്ടി പരിപാലനം -(24/19)

അടങ്കൽ - 625000 (പ്ലാൻ -156250, സംസ്ഥാനാവിഷ്കൃത ഫണ്ട്-156250, ഗു.വി- 312500)

ചെലവ് -6/4.2.19 – 156250

ഗ്രാമപഞ്ചായത്തിന്റെ വിഹിതമായ 156250 രൂപ പ്ലാൻ - ഫണ്ടിൽ നിന്നും അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡിന്റെ (പാലക്കാട്) അക്കൗണ്ടിലേക്ക് (714021400000008)

നൽകിയിട്ടുണ്ട്. പദ്ധതിക്കായി 25 പേർക്കുള്ള തുകയാണ് 2018-19 വർഷം നൽകിയിട്ടുള്ളത്. ഈ പദ്ധതിക്കായി പ്രായം 6 മാസം മുതൽ 8 മാസം വരെ പ്രായമുള്ള കന്നുകുട്ടികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (6/23.1.20) പദ്ധതി നടന്നു കൊണ്ടിരിക്കുകയാണെന്നും പൂർത്തീകരിക്കുന്ന മുറക്ക് വിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കാമെന്നും മറുപടി നൽകിയിട്ടുണ്ട്.

ഈ പദ്ധതിയുടെ പൂർത്തീകരണ റിപ്പോർട്ടും, ധനവിനിയോഗ സാക്ഷ്യപത്രവും പദ്ധതി പൂർത്തിയാവുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ - 6/23.1.20)

1-29 ഭിന്നശേഷിക്കാർക്ക് ഉപകരണം- നടപടിക്രമങ്ങൾ പാലിച്ചില്ല

ബധിരർക്ക് ശ്രവണസഹായി ഉപകരണം (എസ്.സി) എന്ന പ്രൊജക്റ്റ് പ്രകാരം 59340 രൂപക്ക് ശ്രവണസഹായികൾ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങാൻ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ 16.6.18 ലെ തീരുമാനം നമ്പർ 7 പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

അടങ്കൽ -60000

പ്രൊജക്റ്റ് നമ്പർ-185/19

മെഡിക്കൽ ക്യാമ്പ് നടത്തി അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി ഉപകരണങ്ങൾ വിതരണം ചെയ്യുകയാണ് പദ്ധതി ലക്ഷ്യം. 7.11.18 ന് നടത്തിയ മെഡിക്കൽ ക്യാമ്പിൽ 88 പേർ പങ്കെടുത്തതായി ഹാജർ ഷീറ്റിൽ കാണുന്നു. എന്നാൽ ഉപകരണങ്ങൾ നൽകിയത് 2 പേർക്കാണ് . ഭരണസമിതിയുടെ 14.1.19ലെ 1(5) തീരുമാന പ്രകാരം KSIE യിൽ നിന്നും ഉപകരണങ്ങൾ വാങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. പദ്ധതി – സബ്സിഡി മാർഗരേഖ (ജി.ഒ(കൈ) 22/18/തസ്വഭവ/14.2.18 ഖണ്ഡിക 7.1.4(3) പ്രകാരം സർക്കാർ സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്ന ഉപകരണങ്ങൾ മാത്രമാണ് നേരിട്ട് വാങ്ങാവുന്നത്. അല്ലാത്തപക്ഷം വികലാംഗക്ഷേമ കോർപ്പറേഷനിൽ നിന്നുമാണ് വാങ്ങാവുന്നത്. KSIE സ്റ്റോർ പർച്ചേസ് വകുപ്പിൽ ഉപകരണങ്ങളുടെ രജിസ്റ്റേർഡ് സപ്ലയർ ആയി രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും അവർ പ്രസ്തുത ഉപകരണങ്ങൾ നിർമ്മിക്കുന്നില്ല. KSIE നേരിട്ട് നിർമ്മിക്കാത്ത ഉപകരണങ്ങളാണ് പ്രൊജക്റ്റ് മുഖേന വാങ്ങിയിട്ടുള്ളത്. പദ്ധതി മാർഗരേഖയിലെ വ്യവസ്ഥകൾ പാലിക്കാതെ KSIE യിൽ നിന്നും നേരിട്ട് ഉപകരണങ്ങൾ വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22/28.1.2020) സർക്കാർ അക്രഡിറ്റഡ് ഏജൻസിയായതിനാലാണ് വാങ്ങിയതെന്ന മറുപടിയാണ് നൽകിയത്.

സബ്സിഡി മാർഗ്ഗരേഖ പ്രകാരം സ്പെഷലിസ്റ്റ് മെഡിക്കൽ ഓഫീസർ, ഓർത്തോട്ടിക് എഞ്ചിനീയർ, പ്രോസ്റ്റെറ്റിക് എഞ്ചിനീയർ, ഓഡിയോളജിസ്റ്റ്, ഒപ്റ്റോമെടിക്സ്

എന്നിവരടങ്ങുന്ന സംഘമാണ് പരിശോധന നടത്തേണ്ടത്. എന്നാൽ ഈ നിർദ്ദേശം പാലിച്ചിട്ടില്ല. മുൻവർഷങ്ങളിൽ ആനുകൂല്യം നൽകിയവരുടെ വിവരങ്ങൾ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1) ഓരോ വ്യക്തിക്കും പ്രത്യേക സ്പെസിഫിക്കേഷനുള്ള ഉപകരണങ്ങൾ വേണം എന്നുള്ളതിനാൽ പ്രൊജക്ട് തയ്യാറാക്കുന്നതിന് മുമ്പ് ആവശ്യകത നിർണ്ണയ ക്യാമ്പ് നടത്തേണ്ടതും വിദഗ്ധ ഡോക്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തേണ്ടതുമാണ്. ഉപകരണങ്ങൾ ഉള്ളവർക്കു തന്നെ അതേ ഉപകരണം വീണ്ടും നൽകാതിരിക്കാൻ സ്ഥിതി വിവരകണക്കുകൾ ശേഖരിക്കൽ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2) 2013 ലെ സ്റ്റോർസ് പർച്ചേസ് മാന്വൽ അദ്ധ്യായം 19 (സ.ഉ (പി) നം.2/2018/SPD/28.04.19 പ്രകാരം കൂട്ടിചേർത്തത്) പ്രകാരം 25000 രൂപയ്ക്ക് മുകളിലുള്ള കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രികളും ഒഴികെയുള്ളവയുടെ വാങ്ങലുകൾ കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ സമാഹരണ പദ്ധതിയായ GeM (ഗവൺമെന്റ് ഇ-മാർക്കറ്റ് പ്ലേസ്)ൽ ലഭ്യമാണെങ്കിൽ ജെം മുഖേന മാത്രം വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-30 ടി.ഡി.എസ്.വിശദാംശങ്ങൾ ലഭ്യമാക്കേണ്ടത് സംബന്ധിച്ച്

ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51, 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം എന്നിവ പ്രകാരം 1.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% ടി.ഡി.എസ് ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08.03.19 ലെ നം.ഡി.എ1/87/2019 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തുന്ന പ്രോജക്ടുകൾക്കുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ GSTIN ലേക്ക് തുക ഒടുക്കുവാൻ നിർദ്ദേശം നല്കിയിട്ടുണ്ട്. താഴെ സൂചിപ്പിക്കുന്ന അനുപൂരക പോഷകാഹാര വിതരണ പ്രോജക്ട് പ്രകാരമുള്ള വാങ്ങലുകളിന്മേൽ നിയമാനുസൃതം ഈടാക്കേണ്ടുന്ന 2% നിരക്കിലുള്ള ടി.ഡി.എസ് ഈടാക്കി ഒടുക്കിയിട്ടില്ല. പോഷകാഹാരം സപ്ലൈ ചെയ്ത സ്ഥാപനം ജി.എസ്.ടി ഒടുക്കിയതിനും രേഖകൾ ഇല്ല.

ക്രമ നം.	പ്രോജക്ട്	ബിൽ നമ്പർ/ ചെക്ക് നമ്പരും തിയ്യതിയും	തുക
1	98/19	ബിൽ നം 9/3.11.18	383841
		ചെക്ക് നമ്പർ 2103371/14.1.19	200780

		ചെക്ക് നമ്പർ 2103389/14.3.19	497557
		ചെക്ക് നമ്പർ ലഭ്യമല്ല	25086
		ചെക്ക് നമ്പർ 2103392/22.3.19	112919
2	99/19	ബിൽ നം 10/31.10.18	279897
		ബിൽ നം 11/14.11.18	164422

സപ്ലൈയർ (അമൃത ഫുഡ്സ് (കുടുംബശ്രീ യൂണിറ്റ്), കുത്തന്നൂർ) ജി.എസ്.ടി തുക അടവാക്കിയ രേഖകളുടെ പകർപ്പ് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22/28.1.2020) രേഖകൾ ലഭ്യമാക്കി ഓഡിറ്റിന് സമർപ്പിക്കാമെന്ന് മറുപടി നൽകിയിട്ടുണ്ട്. ആയത് ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-31 കമ്പ്യൂട്ടർ വാങ്ങുന്നതിൽ സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കേണ്ടതാണ്.

പ്രൊജക്ട് നമ്പർ-129

അടങ്കൽ-60000

ചെലവ്-56900

ചെക്ക് നമ്പർ-2103317/18.5.18

ഐ.സി.ഡി.എസ്. സൂപ്പർവൈസർക്ക് കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങൽ എന്ന പ്രൊജക്ട് (129) പ്രകാരം 56900 രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ആയതിന് ക്വട്ടേഷൻ വിളിക്കുകയും ലഭ്യമായ 2 എണ്ണത്തിൽ കുറവ് തുക ക്വാട്ട് ചെയ്ത തീംസ് കമ്പ്യൂട്ടർ സെയിൽസ് & സർവ്വീസസ് ചിറ്റൂർ എന്ന സ്ഥാപനത്തിൽ നിന്നും കമ്പ്യൂട്ടർ വാങ്ങാൻ 28.2.2018 ൽ ചേർന്ന ഭരണസമിതിയുടെ 5(2)-ാം നമ്പർ പ്രകാരം തീരുമാനിക്കുകയും ചെയ്തു. ആയതിന് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരം ലഭ്യമായിട്ടില്ല. വാങ്ങിയ കമ്പ്യൂട്ടറിന്റേയും മറ്റ് ഉപകരണങ്ങളുടേയും ഗുണനിലവാരം സാങ്കേതിക വിദഗ്ധനെ കൊണ്ട് തിട്ടപ്പെടുത്തിയതിന് രേഖകൾ ഒന്നും ഹാജരാക്കിയില്ല. സ.ഉ(എം.എസ്സ്.നം24/2017/ ഐ.ടി.ഡി തിയ്യതി.18-11-17 പ്രകാരം കേരളത്തിലെ സർക്കാർ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും കേന്ദ്രീകൃതമായി വാങ്ങുന്നതിനുള്ള ഓൺലൈൻ പോർട്ടൽ

രൂപീകരിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ ഇ-ടെണ്ടർ മുഖേനയുള്ള വാങ്ങലിനായി നിരക്കുകൾ നിശ്ചയിക്കുന്നതിനും കേന്ദ്രീകൃത വാങ്ങൽ സമ്പ്രദായത്തിനായുള്ള ഏജൻസിയായും കെൽട്രോണിനെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരമുള്ള നടപടിക്രമം പാലിക്കാതെയാണ് പദ്ധതികൾ നടപ്പിലാക്കിയത്.

ഭാവിയിൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നത് കേരള സർക്കാരിന്റെ കീഴിലുള്ള cprcs എന്ന പോർട്ടൽ മുഖേനയാകണമെന്ന നിർദ്ദേശം പാലിക്കേണ്ടതാണ്.

1-32 അസാധാരണ ചെലവുകൾ- നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങൾ പ്രകാരം അസാധാരണ ചെലവുകൾ നടത്തുവാൻ അനുവദനീയമായ ഇനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കിയിട്ടുണ്ട്(ചട്ടം 3). മുൻവർഷത്തെ മിച്ചഫണ്ടിന്റെ 20% വരെ (പരമാവധി 1 ലക്ഷം രൂപ) ആണ് അസാധാരണ ചെലവ് പരിധി (ചട്ടം 4). പഞ്ചായത്ത് അസാധാരണ ചെലവ് സംബന്ധിച്ച ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. ഇതിൽ ചെലവാക്കിയ തുക, പഞ്ചായത്ത് തീരുമാനം നമ്പർ, തിയതി, ആകെ ചെലവ് തുക എന്നിവ രേഖപ്പെടുത്തണം. ചെലവഴിച്ച തുകയുടെ രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്. അസാധാരണ ചെലവുകളുടെ വാർഷിക കണക്ക് പ്രത്യേകമായി ഗ്രാമസഭകളിൽ അവതരിപ്പിക്കേണ്ടതാണ്.

പെരിങ്ങോട്ടുകുർശ്ശി ഗ്രാമ പഞ്ചായത്തിൽ അസാധാരണ ചെലവുകൾക്ക് വേണ്ടി രജിസ്റ്റർ പരിപാലിക്കുകയോ, ഈയിനത്തിലെ ചെലവുകൾ പ്രത്യേകം രേഖപ്പെടുത്തുകയോ, ചെലവ് പരിധി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയോ, മേലുദ്യോഗസ്ഥർ പരിശോധിക്കുകയോ, ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി വിലയിരുത്തുകയോ ചെയ്യുന്നില്ലെന്ന് പരിശോധനയിൽ കണ്ടെത്തി. 2018-19 വർഷത്തെ തനത്ഫണ്ട് ചെലവ് രേഖകളുടെ പരിശോധനയിൽ അസാധാരണ ചെലവിനങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്ന ചെലവുകൾ ദൈനംദിന ചെലവായി പരിഗണിക്കുന്നതായി കണ്ടെത്തി.ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നം	വൗച്ചർ നം തീയതി	ഇനം	തുക
1	21800052/19.04.2018	മിനിമാസ്റ്റ് ലൈറ്റ് ഉദ്ഘാടനം -ഫോട്ടോ	2260
2	21800068/28.04.2018	മിനിമാസ്റ്റ് ലൈറ്റ് ഉദ്ഘാടനം -നോട്ടീസ്	2250

3	21800069/28.04.2018	സൈക്കിൾ വിതരണം – നോട്ടീസ് ചാർജ്ജ്	2300
4	21800109/09.05.2018	സൈക്കിൾ,ഫർണ്ണീച്ചർ വിതരണം-നോട്ടീസ് ചാർജ്ജ്	2300
5	21800115/10.05.2018	സൈക്കിൾ,ഫർണ്ണീച്ചർ വിതരണം-ഫോട്ടോ ചാർജ്ജ്	2200
6	21800135/26.05.2018	കട്ടിൽ വിതരണം-നോട്ടീസ് ചാർജ്ജ്	2300
7	21800142/30.05.2018	കട്ടിൽ വിതരണം-ബാനർ ചാർജ്ജ്	400
8	21800174/04.06.2018	സൈക്കിൾ,ഫർണ്ണീച്ചർ വിതരണം-അനൗൺസ്മെന്റ്ചാർജ്ജ്	3500
9	21800174/04.06.2018	കട്ടിൽ വിതരണം-ഫോട്ടോ ചാർജ്ജ്	1750
10	21800195/16.06.2018	സൈക്കിൾ,ഫർണ്ണീച്ചർ വിതരണം-മൈക്ക് സെറ്റ് ജനറേറ്റർ വാടക	8500
11	21800198/16.06.2018	സൈക്കിൾ,ഫർണ്ണീച്ചർ വിതരണം-പന്തൽ, കവാടം വാടക	7000
12	21800199/16.06.2018	കട്ടിൽവിതരണം-പന്തൽ,കവാടം വാടക	2400

സർക്കുലർ നം.451/എഫ്.എം.2/2015/ത.സ്വ.ഭ.വ തീയതി 17.12.2015 പ്രകാരം അസാധാരണ ചെലവുകൾക്ക് സർക്കാർ നിശ്ചയിക്കുന്ന പരിധി കർശനമായി പാലിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറിക്ക് (നം.12/24.01.2020) ഭാവിയിൽ പ്രത്യേകം രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതും ചെലവിന്റെ പരിധി പാലിക്കുന്നതുമാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

അസാധാരണ ചെലവിനങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്ന ചെലവുകൾ ദൈനംദിന ചെലവായി കണക്കാക്കി തുക നൽകുന്നത് ഒഴിവാക്കേണ്ടതും ആയത് ചട്ടപ്രകാരം അനുവദിനീയമായ ഇനങ്ങളിൽ ഉൾപ്പെടുത്തി, ചെലവുകൾക്ക് സർക്കാർ നിശ്ചയിക്കുന്ന പരിധി കർശനമായി പാലിക്കേണ്ടതാണെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

1-33 പാലിയേറ്റീവ്- മാർഗ്ഗരേഖാ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

പ്രോജക്റ്റ് നമ്പർ- 6/18-19

പ്രോജക്റ്റിന്റെ പേര്- സാന്ത്വനം- പാലിയേറ്റീവ് പരിചരണ പരിപാടി

അടങ്കൽ- വികസന ഫണ്ട്-പൊതുവിഭാഗം-സാധാരണ വിഹിതം-2,90,000/-

തനത് ഫണ്ട്- 2,10,000

ആകെ - 5,00,000

ചെലവ് - 5,00,000

ബിൽ നം(തീയതി) -1(25-5-18), 2(16-6-18), 3(18-7-18), 5(14-8-18), 7(12- 9-18), 10(22-10-18), 12(12-12-18), 15(22-12-18), 17(22-12-18), 22(7-2-19), 25(31-1-19), 26(13-2-19), 27(6-3-19)

നിർവ്വഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ(അലോപ്പതി)

സ.ഉ (സാധാ) നം.3217/2015 ത.സ്വ.ഭ.വ തീയതി 29.10.15 പ്രകാരം പദ്ധതി നിർവ്വഹണത്തിനായുള്ള പുതുക്കിയ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. രോഗ ബാധിതരുടെ വീടുകൾ സന്ദർശിച്ച് കൊണ്ട് നടപ്പിലാക്കുന്ന ഹോം കെയർ സംവിധാനമാണ് പ്രധാന പ്രവർത്തനം. മാർഗ്ഗരേഖാ പ്രകാരമുള്ള താഴെ പറയുന്ന നിർദ്ദേശങ്ങൾ പഞ്ചായത്ത് പാലിച്ചതായി കാണുന്നില്ല.

1.മരുന്ന് ലഭ്യമായിട്ടില്ല

ബിൽ നം 25/18-19 പ്രകാരമുള്ള 60400/- രൂപ കെ എസ് സി എൽ ന്റെ 3624001800000019 നമ്പരിലുള്ള അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ 45,347/- രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത്. ഓഡിറ്റ് അന്വേഷണം 19 ന് മറുപടിയായി മരുന്ന് അടുത്ത ഘട്ടം ലഭ്യമാകുമെന്നാണ് അറിയിച്ചിട്ടുള്ളത്. മരുന്ന് ലഭ്യമാക്കുവാനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമാക്കി സ്റ്റോക്കിൽ എടുത്തതിന്റെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

2പി എം സി മാർഗ്ഗരേഖാ പ്രകാരമുള്ള ഇടവേളകളിൽ യോഗം കൂടുന്നില്ല

ഉത്തരവിന്റെ ഖണ്ഡിക 2.3.2 പ്രകാരം, പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി രണ്ട് മാസത്തിലൊരിക്കലോ ആവശ്യാനുസരണമോ യോഗം ചേർന്ന് പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പരിമിതികൾ മറികടക്കുന്നതിനാവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്. ഈ യോഗത്തിൽ വച്ച് അടുത്ത 2

മാസത്തേക്കുള്ള പ്രവർത്തന രൂപരേഖ തയ്യാറാക്കേണ്ടതും അംഗീകരിക്കേണ്ടതുമാണ്. എന്നാൽ പെരുങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്തിൽ പി എം സി 2018-19 സാമ്പത്തിക വർഷത്തിൽ 4 പ്രാവശ്യം മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. മാർരേഖാ പ്രാകാരമുള്ള ഇടവേളകളിൽ യോഗം ചേരുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി അറിയിച്ചിട്ടുണ്ട്.

1-34 പട്ടികജാതിയിൽ പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി-നിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്.

പെരുങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്തിലെ പട്ടികജാതിയിൽ പെട്ട വിദ്യാർത്ഥികൾക്ക് പഠനസൗകര്യം ഉറപ്പാക്കുന്നതിനായി 2018-19 സാമ്പത്തിക വർഷത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും 13ാം പദ്ധതി മാർഗ്ഗരേഖ, സബ്സിഡി മാർഗ്ഗരേഖ എന്നീ നിർദ്ദേശങ്ങൾ പ്രകാരം സമയബന്ധിതമായി ആനുകൂല്യം ലഭ്യമായിട്ടുണ്ടോ എന്ന് വിലയിരുത്തുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രൊജക്റ്റ് നമ്പർ ; 76/2019
അടങ്കൽ ; 2410000 രൂപ (വികസന ഫണ്ട്- എസ്.സി.പി)

ചെലവ് ; 8,00,000 രൂപ

പഠനമുറി നിർമ്മിക്കുന്നതിന് ഒരു വിദ്യാർത്ഥിക്ക് രണ്ട് ലക്ഷം ആനുകൂല്യം നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടത്, ആയത് പ്രകാരം തൻവർഷം വിവിധ ഗഡുക്കളിലായി ആകെ 8,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പഠനമുറികളുടെ നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം	ഗുണഭോക്താവിന്റെ പേര്	അനുവദിച്ച തുക		
		ബിൽ നം/ തിയതി	തുക	ആകെ
1	ശാന്ത w/o നാരായണൻകുട്ടി തെക്കേമഠം, പെരുങ്ങോട്ടുകുറിശ്ശി	28/15.12.18 47/8.03.19	50000 50000	100000
2	ജയശ്രീ w/o രതീഷ് ചീനത്തുകുളമ്പ്, ചൂലനൂർ	28/15.12.18 47/8.03.19	50000 50000	100000

3	ശാന്തകുമാരി w/o ഷാബു തച്ചങ്കോട്, നടുവത്തപ്പാറ	28/15.12.18	50000	100000
		47/8.03.19	50000	
4	വിജയകുമാരി w/o മണി നാരങ്ങാപറമ്പ്, നടുവത്തപ്പാറ	38/21.1.19	50000	50000
5	ശാന്ത w/o രാജൻ കോട്ടക്കുന്ന്, നടുവത്തപ്പാറ	38/21.1.19	50000	50000
6	കല്യാണി w/o നാരായണൻ കുണ്ടുക്കാട് വീട്, നടുവത്തപ്പാറ	45/14.2.19	50000	50000
7	പാറുക്കുട്ടി w/o മുത്തുകുമാർ വടക്കുമുറി, ചൂലനൂർ	54/23.3.19	50000	50000
8	രാധിക w/o കുട്ടപ്പ് കുന്നത്തുപറമ്പ്, പെരുങ്ങോട്ടുകുറിശ്ശി	28/15.12.18	50000	150000
		45/14.2.19	50000	
		52/18.3.19	50000	
9	രമണി w/o വേലായുധൻ കരുവാൻതൊടി, പരുത്തിപ്പുള്ളി	28/15.12.18	50000	150000
		45/14.2.19	50000	
		52/18.3.19	50000	

ആനുകൂല്യം നൽകിയിട്ടുള്ള ഗുണഭോക്താക്കൾ മുദ്രപത്രം വാങ്ങിയിട്ടുണ്ടെങ്കിലും കരാർ ചമച്ചിട്ടില്ല. പൂർത്തീകരിക്കാൻ അവശേഷിക്കുന്ന പഠനമുറികൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14/24.1.20) പൂർത്തീകരിക്കാത്ത പഠനമുറികൾ 2019-20 വർഷത്തിൽ പൂർത്തീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-35 ഹരിതകേരളം മിഷൻ പ്രവർത്തനങ്ങൾ കാർഷികമേഖലയിൽ നടപ്പാക്കേണ്ടതാണ്

നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച മിഷനുകളിൽ ഒന്നായ ഹരിത കേരളം മിഷന്റെ ഉപദൌത്യമാണ് കൃഷിയും ജലസംരക്ഷണവും. ഇത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ മേഖലാ ചുമതലകളിൽ വരുന്നുമുണ്ട് .ആയതിനാൽ ഹരിതകേരളം മിഷനിലൂടെ സർക്കാർ പ്രഖ്യാപിച്ച ലക്ഷ്യം കൈവരിക്കാൻ തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾക്ക് മുഖ്യപങ്ക് വഹിക്കേണ്ടതുണ്ട് . ഇക്കാര്യങ്ങൾ 29.1.2018 തിയ്യതി പുറപ്പെടുവിച്ച സ.ഉ.കൈ11/2018/തസ്വഭവ , ഖണ്ഡിക നമ്പർ 7.1 പ്രകാരം വ്യക്തമാക്കിയിട്ടുള്ളതാണ്.

സുരക്ഷിത ഭക്ഷ്യോല്പാദനം, കർഷകർക്ക് മാന്യമായ വരുമാനം ഉറപ്പാക്കൽ, വൻതോതിൽ തൊഴിൽ ലഭ്യമാക്കൽ, സാമ്പത്തിക വളർച്ചക്ക് ഗണ്യമായ സംഭാവന നല്കൽ എന്നിവ കാർഷികമേഖലയിൽ ഹരിതകേരളം മിഷൻ ലക്ഷ്യമിടുന്നു. ബൃഹത്തായ ഈ മുന്നേറ്റങ്ങൾ കൈവരിക്കുന്നതിന് വേണ്ടി താഴെപ്പറയുന്ന ഉപോത്ബലക പ്രവർത്തനങ്ങളും ഹരിതമിഷൻ വിഭാവനം ചെയ്തിട്ടുണ്ട്.

1. കൃഷി, മൃഗസംരക്ഷണം, മത്സ്യകൃഷി എന്നിങ്ങനെയുള്ള കൃഷികൾ ഉൾപ്പെടുന്ന സംയോജിത കൃഷി സമ്പ്രദായങ്ങൾ അവലംബിച്ച് കൃഷി ഭൂമിയിൽ നിന്ന് പരമാവധി വരുമാനം കർഷകർക്ക് ലഭിക്കുന്ന പ്രൊജക്ടുകൾക്ക് പ്രാധാന്യം കൊടുക്കേണ്ടതാണ്.

2. ഭക്ഷ്യവിളകളുടെ വിളവിസ്തൃതിയും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുവാൻ അനുയോജ്യമായ പ്രൊജക്ടുകൾക്ക് പ്രാധാന്യം നൽകേണ്ടതാണ്.

3. തരിശ് കിടക്കുന്ന സ്ഥലങ്ങൾ കൃഷിക്ക് വേണ്ടി ഉപയോഗപ്പെടുത്തുക .

ഇക്കാര്യത്തിന് സ്വയംസഹായസംഘങ്ങളുടെ പ്രവർത്തനം പ്രയോജനപ്പെടുത്തുക .

4. പൊതുസ്ഥലങ്ങളിൽ വ്യാപകമായി കൃഷി ചെയ്ത് ഉല്പാദനം വർദ്ധിപ്പിക്കുക . സ്ഥാപനങ്ങളിലെ പച്ചക്കറികൃഷി ,ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള കൃഷി എന്നിവ പ്രോത്സാഹിപ്പിക്കുക .

5. കാർഷിക പദ്ധതികൾ മഹാത്മാമാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പാക്കുന്നതിനുള്ള സാദ്ധ്യത പരമാവധി ഉപയോഗപ്പെടുത്തണം.

2018-19 വാർഷിക പദ്ധതി പ്രയോജനപ്പെടുത്തി ഹരിതമിഷന്റെ മേല്പറഞ്ഞ വിശാലമായ ലക്ഷ്യങ്ങൾ കൈവരിക്കുന്നത് പരിപോഷിപ്പിക്കുമാറ് കാർഷിക പ്രോജക്ടുകൾ പഞ്ചായത്തിൽ തയ്യാറാക്കിയിട്ടില്ല. 2018-19 ൽ കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന പ്രൊജക്ട് നടപ്പാക്കിയിട്ടുണ്ട്.

പ്രൊജക്ട്	അടങ്കൽ	ചെലവ്
നെൽകൃഷിക്ക് കൂലി ചെലവ്	8612500 (പദ്ധതി -3575000, ബ്ലോക്ക് പഞ്ചായത്ത് -1787500 ജില്ലാ പഞ്ചായത്ത് -3250000)	6737250 (പദ്ധതി -3575000, ബ്ലോക്ക് പഞ്ചായത്ത് -1150500 ജില്ലാ പഞ്ചായത്ത് -2011750)

എന്നാൽ പ്രൊജക്ടുകൾ തയ്യാറാക്കുന്നതിന് ചുമതലയുള്ള ഇതേ വർക്കിംഗ് ഗ്രൂപ്പ് പ്രസ്തുത ലക്ഷ്യങ്ങൾ മുൻനിർത്തി 2018-19 വർഷങ്ങളിൽ പ്രൊജക്ടുകളൊന്നും ആസൂത്രണം ചെയ്ത് നടപ്പാക്കിയതായി കാണുന്നില്ല.

ഗ്രാമ പഞ്ചായത്തിന്റെ കാർഷിക മേഖലയിലെ അടിസ്ഥാന വിവരങ്ങൾ താഴെ ചേർത്തിരിക്കുന്നു.

	ഹെക്ടറിൽ
ആകെ ഭൂവിസ്തൃതി	3145 ha
കൃഷിക്ക് അനുയോജ്യമായ വിസ്തൃതി	1475 ha
തരിശ് ഭൂമി	53 ha
കൃഷിയോഗ്യമായത്	18 ha
കൃഷി യോഗ്യമല്ലാത്തത്	35 ha

സ.ഉ(കൈ)നം.11/2018/ത.സ്വ.ഭ.വ തിയതി 29.01.2018 പ്രകാരം പുറപ്പെടുവിച്ച 13-ാം പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളിലെ ഖ.7.1.6(എ).11 പ്രകാരം തരിശുഭൂമിയിൽ കൃഷി പ്രോൽസാഹിപ്പിക്കുന്നതിനും കൃഷി ചെയ്യാതെ ഒഴിഞ്ഞു കിടക്കുന്ന ഭൂമിയിൽ കൃഷിയിറക്കുന്നതിനും പരമാവധി ശ്രദ്ധ നൽകേണ്ടതാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 15 മുതൽ 17 വരെയുള്ള വകുപ്പുകളിൽ തരിശു നെൽവയലിൽ കൃഷി ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിലെ ചട്ടം 7(1), 10 എന്നിവയിൽ നെൽകൃഷി ചെയ്യുന്നത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. തരിശുഭൂമിയിൽ കൃഷി ഇറക്കുന്നതിനുള്ള നടപടികളൊന്നും 2018-19 വർഷത്തിൽ പഞ്ചായത്ത് തലത്തിൽ സ്വീകരിച്ചിട്ടില്ല.
നിയമവും ചട്ടങ്ങളും സർക്കാർ നിർദ്ദേശങ്ങളും പാലിച്ചുകൊണ്ട് കാർഷിക മേഖലയുടെ സമഗ്ര വികസനത്തിനുള്ള തുടർ പദ്ധതികൾ ആവിഷ്കരിക്കുവാൻ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയും കൃഷി അനുബന്ധ മേഖലയിലെ വർക്കിംഗ് ഗ്രൂപ്പും ഉദ്യോഗസ്ഥരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-36 അംഗൻവാടി ഹോണറേറിയം പഞ്ചായത്ത് വിഹിതം-സർക്കാരിലേക്ക് തിരിച്ചടച്ചതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്

പ്രൊജക്ട് നമ്പർ -178

അടങ്കൽ -1138800

ചെലവ് -1138800

അംഗൻവാടി ഹോണറേറിയം പഞ്ചായത്ത് വിഹിതം-സർക്കാരിലേക്ക് തിരിച്ചടക്കുന്നത് സംബന്ധിച്ച് എന്ന പ്രൊജക്ട് പ്രകാരം 1138800 രൂപ താഴെ പറയും പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

ബിൽ നമ്പർ/ തീയ്യതി	തുക
13/11.3.19	838800
12/19.1.19	300000

ബിൽ പ്രകാരം തുക പിൻവലിച്ചിട്ടുണ്ടെങ്കിലും ആയത് സർക്കാരിലേക്ക് അടവാക്കിയതിന്റെ രേഖ ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (22/28.1.2020) നൽകിയിരുന്നുവെങ്കിലും രേഖകൾ ഹാജരാക്കിയില്ല. ആയത് ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-37 ഗ്രാമ പഞ്ചായത്തിലെ അങ്കണവാടികളുടെ പ്രവർത്തനം- അവലോകനം

എ) അങ്കണവാടി പോഷകാഹാര വിതരണം- ലാബ് റിപ്പോർട്ട് ലഭ്യമാകുന്നില്ല.

ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളിലെ കുട്ടികൾക്ക് വിതരണം ചെയ്യുന്നതിനായി വാങ്ങുന്ന ഭക്ഷ്യമിശ്രിതം ഓരോ രണ്ട് മാസത്തിലും ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റേയും സാമ്പിൾ ശേഖരിച്ച് പരിശോധനക്ക് വിധേയമാക്കുവാനും ICDS.ബി.3-312/2010 തിയ്യതി 5.6.2010, 1.2.2010 തിയ്യതികളിലെ കത്തുകളിൽ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സാമൂഹ്യ ക്ഷേമ ഡയറക്ടറുടെ 18.12.2010 ലെ ഇതേ നമ്പർ കത്ത് പ്രകാരം ശിശുവികസന/പ്രോഗ്രാം ഓഫീസർമാർക്ക് ഭക്ഷ്യ മിശ്രിതം തൃപ്തികരമാണെന്നുള്ള ലാബ് റിപ്പോർട്ട് ലഭ്യമാക്കണമെന്നും, സാമ്പിളുകൾ തൃപ്തികരമല്ല എന്നാണ് റിപ്പോർട്ടെങ്കിൽ ഭക്ഷ്യ മിശ്രിതത്തിന്റെ വില ആയവ വിതരണം ചെയ്ത കുടുമ്പശ്രീ യൂണിറ്റുകൾക്ക് നൽകേണ്ടതില്ല എന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പെരുങ്ങോട്ടുകുറിശ്ശി ഗ്രാമ പഞ്ചായത്തിൽ ടി.എച്ച്.ആർ.എസ്. ഭക്ഷ്യമിശ്രിതത്തിന്റെ സാമ്പിളുകൾ അനുവദനീയമായ സമയപരിധിയായ ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം പരിശോധനയ്ക്ക് വിധേയമാക്കി ലാബ് റിപ്പോർട്ട് ലഭ്യമാക്കുന്നില്ല എന്ന് കണ്ടെത്തി. 2018-19 സാമ്പത്തിക വർഷത്തിൽ ഒരു തവണ (11/18) മാത്രമാണ് ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതത്തിന്റെ സാമ്പിളുകൾ പരിശോധനയ്ക്ക് വിധേയമാക്കി ലാബ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുള്ളത്.

ആയതിനാൽ ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതത്തിന്റെ സാമ്പിളുകളുടെ ലാബ് റിപ്പോർട്ട് അനുവദനീയമായ സമയപരിധിക്കകം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി) അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ- കേന്ദ്ര ഫണ്ട് പ്രയോജനപ്പെടുത്തേണ്ടതാണ്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 03.09.2010 ലെ സർക്കുലർ നമ്പർ 39033/ഡി.സി.2/2010 പ്രകാരം പൂരക പോഷകാഹാര പരിപാടിക്കായി (എസ്.എൻ.പി) ലഭ്യമാക്കുന്ന കേന്ദ്രസഹായത്തിലെ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിന് പാത്രങ്ങൾ/സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ മേൽപ്പറഞ്ഞ അടിസ്ഥാന സൗകര്യങ്ങളില്ലാതെ അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചു കാണുന്നില്ല.

ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളുടെ ഭൗതിക സാഹചര്യം സംബന്ധിച്ച വിശദാംശങ്ങൾ.

നം.	അടിസ്ഥാന വിവരങ്ങൾ	വിശദാംശം
1	അങ്കണവാടികളുടെ എണ്ണം	26
2	സ്വന്തമായി കെട്ടിടമില്ലാത്ത സെന്ററുകളുടെ എണ്ണം	1 ചിറപ്പാടം
3	വൈദ്യുതി ഇല്ലാത്തവയുടെ എണ്ണം	-
4	ഫാൻ ഇല്ലാത്തവ	-
5	ബേബി ഫ്രണ്ടലി ടോയ്‌ലറ്റ് ഇല്ലാത്തവ	24
6	ചുറ്റ് മതിൽ ഇല്ലാത്തവ	-
7	കമ്പ്യൂട്ടർ ലഭിച്ചിട്ടുള്ള അങ്കണവാടികളുടെ എണ്ണം	9

ഗ്രാമപഞ്ചായത്തിൽ ഐ.സി.ഡി.എസ്സിന് ലഭിച്ച കേന്ദ്ര വിഹിതത്തിൽ ₹ 948371രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. ടി തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, കളിക്കോപ്പുകൾ,

ഭക്ഷണം പാകം ചെയ്യുന്നതിന് പാത്രങ്ങൾ/സംഭരണികൾ മുതലായവ വാങ്ങുന്നതിനുമായി വിനിയോഗിക്കാവുന്നതാണ്. ആയതിന്മേൽ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

<u>ഡി) ഓഡിറ്റ് നിർദ്ദേശങ്ങൾ.</u>
ജി.ഒ. (എം.എസ്.) 362/2013/ത.സ്വ.ഭ.വ തിയതി 16-11-2013 പ്രകാരവും സർക്കുലർ നം. 31055/സി.ഡി.2/2011/ത.സ്വ.ഭ.വ തിയതി 22-3-2011 പ്രകാരവും സർക്കാർ താഴെപറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

1)അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, കുടിവെള്ളം, ഫർണിച്ചർ മറ്റ് ഭൗതിക സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് പ്രാധാന്യം നൽകണം.
2)വൈറ്റ് വാഷിംഗ്, പെയിന്റിംഗ്, വൈദ്യുതീകരണം, ബേബി ഫ്രണ്ട്ലി ടോയ്‌ലറ്റ് എന്നിവയുടെ കേടുപാടുകൾ തീർത്ത് ചുറ്റുമതിലിൽ പെയ്ന്റിംഗ് നടത്തി ആവശ്യമായ സന്ദേശങ്ങൾ എഴുതേണ്ടതാണ്.
3)സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി തദ്ദേശഭരണ സ്ഥാപനത്തിന്റെ അധ്യക്ഷൻ എല്ലാ വർഷവും മാർച്ച് മാസം അവസാനം ഐ.സി.ഡി.എസ് സൂപ്പർവൈസർ, അങ്കണവാടി പ്രവർത്തകർ, എഞ്ചിനീയർ/ഓവർസീയർ എന്നിവരുടെ ഒരു യോഗം വിളിച്ച് ചേർത്ത് സ്ഥിതി വിലയിരുത്തി സമയബന്ധിതമായി ആക്ഷൻ പ്ലാൻ തയ്യാറാക്കി മെയ് 10 നകം എല്ലാ അങ്കണവാടികൾക്കും ഫിറ്റ്നസ് ഉണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
ഈ നിർദ്ദേശങ്ങൾക്ക് വിധേയമായി അങ്കണവാടികളിലെ ഭൗതിക സൗകര്യങ്ങൾ വിലയിരുത്തി അങ്കണവാടികളിലെ പോരായ്മകൾ പരിഹരിക്കുവാനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിക്കേണ്ടതാണ്.

1-38 ലൈഫ് മിഷൻ അവലോകനം

കേരളത്തിലെ എല്ലാ ഭവന രഹിതർക്കും ഭൂരഹിത-ഭവനരഹിതർക്കും ഭവനം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാപദ്ധതി(ലൈഫ്)യുടെ ലക്ഷ്യം. ഭൂമിയുള്ള ഭവനരഹിതർ, ഭൂമിയില്ലാത്ത ഭവനരഹിതർ, ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർ/ വാസയോഗ്യമല്ലാത്ത ഭവനം ഉള്ളവർ, പുറമ്പോക്കിലോ, തീരദേശ മേഖലയിലോ, തോട്ടം മേഖലയിലോ താൽക്കാലിക ഭവനമുള്ളവർ എന്നിവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കികൊണ്ടിരിക്കുന്ന ഭവന പദ്ധതികൾ സംയോജിപ്പിച്ചാണ് പദ്ധതി നടപ്പാക്കുന്നത്.

സ.ഉ(എം.എസ്)നം.151/2017/തസ്വഭവ തിയതി 31-7-2017 പ്രകാരം ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ മാർഗ്ഗരേഖ അംഗീകരിച്ചിട്ടുണ്ട്.

<u>ലൈഫ് മിഷൻ ഗുണഭോക്താക്കളുടെ മുൻഗണനാ മാനദണ്ഡം</u>

- മാനസിക വെല്ലുവിളി നേരിടുന്നവർ / അന്ധർ / ശാരീരിക തളർച്ച സംഭവിച്ചവർ

- അഗതികൾ
- അംഗവൈകല്യമുള്ളവർ
- ഭിന്നലിംഗക്കാർ
- ഗുരുതര / മാരക രോഗമുള്ളവർ
- അവിവാഹിതരായ അമ്മമാർ
- രോഗം / അപകടത്തിൽപ്പെട്ട് ജോലി ചെയ്ത് വരുമാനം കണ്ടെത്താൻ പ്രാപ്തിയില്ലാത്തവർ
- വിധവകൾ

ലൈഫ് മിഷന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ പട്ടിക പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

ലൈഫ് മിഷൻ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതികളുടെ നിർവ്വഹണം മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമാണോ എന്ന് വിലയിരുത്തിയതിന്മേലുള്ള കണ്ടെത്തലുകളും ഓഡിറ്റ് നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

<u>ഒന്നാം ഘട്ടം</u>

ഒന്നാം ഘട്ട പ്രവർത്തനങ്ങൾ 2018-19 വർഷത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. വിവിധ പദ്ധതികൾ പ്രകാരം ആരംഭിച്ചതും അപൂർണ്ണമായി നിലനിന്നിരുന്നതുമായ 8 (ജനറൽ-6, എസ്.സി-2) ഭവനങ്ങളുടെ പൂർത്തീകരണമാണ് ഒന്നാം ഘട്ടത്തിൽ ഏറ്റെടുത്ത് നടപ്പാക്കിയത്.

<u>രണ്ടാം ഘട്ടം-2018-19 വർഷത്തെ ലക്ഷ്യം</u>

സ.ഉ(കൈ)നം.34/2018/തസ്വഭവ തിയതി 16-3-2018 പ്രകാരം 2018-19 വർഷത്തെ ധനസഹായം അനുവദിക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

ലൈഫ് മിഷന്റെ രണ്ടാമത് ഘടകമാണ് വ്യക്തിഗത ഭവനങ്ങളുടെ നിർമ്മാണം. അംഗീകൃത ഗുണഭോക്തൃ പട്ടികയിലുള്ള സ്വന്തമായി ഭൂമിയുള്ള എല്ലാ ഭവനരഹിതർക്കും 2018-19 വർഷത്തിൽ തന്നെ ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്.

ഭവനങ്ങളുടെ വിസ്തീർണ്ണം 400 ച.അടി +/- 20% (പരമാവധി 420 ച.അടി) ആയിരിക്കേണ്ടതാണ്. 600 ച.അടി വരെ വിസ്തീർണ്ണത്തിൽ വീട് പൂർത്തീകരിച്ചവർക്ക് അവസാന ഗഡു നൽകാവുന്നതാണ്.

<u>യൂണിറ്റ് നിരക്ക്</u>

4 ലക്ഷം രൂപയാണ് ഭവന നിർമ്മാണത്തിനായുള്ള ധനസഹായം. പട്ടിക വർഗ്ഗ സങ്കേതങ്ങളിലെ ഗുണഭോക്താക്കൾക്ക് 6 ലക്ഷം രൂപയും ആവശ്യമെങ്കിൽ 20% തുക അധികമായും അനുവദിക്കാവുന്നതാണ്. ജനറൽ, പട്ടികജാതി വിഭാഗക്കാർക്ക് 4 ഗഡുക്കളായും പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് 5 ഗഡുക്കളായും തുക അനുവദിക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഒന്നാം ഗഡു വിതരണം ചെയ്തതു മുതൽ 6 മാസത്തിനുള്ളിൽ ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

2018-19 വർഷത്തിൽ പെരുങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്തിലെ ലൈഫ് മിഷൻ പദ്ധതി നടത്തിപ്പിന്റെ പുരോഗതി വിവരം താഴെ ചേർക്കുന്നു.

2018-19 വർഷത്തിൽ ആവിഷ്കരിച്ച പദ്ധതികൾ

അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ജനറൽ വിഭാഗത്തിൽ 72 ഉം എസ്.സി വിഭാഗത്തിൽ 2 ഉം ഗുണഭോക്താക്കളാണുള്ളത്. ആയതിൽ ആകെ 73 പേരാണ് തൻവർഷം എഗ്രിമെന്റ് വെച്ചിട്ടുള്ളത്. ഒരു ഗുണഭോക്താവിന് 400000/- രൂപയാണ് പദ്ധതി പ്രകാരം വകയിരുത്തിയിട്ടുള്ളത്.

ഭൂമിയുള്ള ഗുണഭോക്താക്കൾക്ക് വ്യക്തിഗത ഭവനങ്ങൾ നിർമ്മിക്കുന്നതിനായി തൻ വർഷം ആവിഷ്കരിച്ച പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

a) ലൈഫ് മിഷൻ ഭവന പദ്ധതി - (69/19)-ജനറൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

ഫണ്ട്	അടങ്കൽ	ചെലവ്
പ്ലാൻ ഫണ്ട്	3715400	3707575
ബ്ലോക്ക് പഞ്ചായത്ത്	303000	241074
ജില്ലാ പഞ്ചായത്ത്	558926	558926
മറ്റിനം(വായ്പ)	11394805	7274805
ആകെ	15972131	11782380

വിവിധ ഗഡുക്കളായി ധനസഹായം കൈപ്പറ്റിയവരുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

ഗഡു	ഗുണഭോക്താക്കളുടെ എണ്ണം	ഗഡു സംഖ്യ	ആകെ
I	68	40000	2720000
II	54	160000	8640000
III			

ആകെ	11360000*

* 422380 രൂപ ലൈഫ് phase 1 ഗുണഭോക്താക്കൾക്ക് നൽകി.

ജനറൽ വിഭാഗത്തിലെ 72 പേരിൽ 60പേർ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

b) പദ്ധതി - ലൈഫ് മിഷൻ ഭവന പദ്ധതി (73/19)-എസ്.സി.പി

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

ഫണ്ട്	അടങ്കൽ	ചെലവ്
പ്ലാൻ ഫണ്ട്(എസ്.സി.പി)	2495400	400000
ബ്ലോക്ക് പഞ്ചായത്ത്		
ജില്ലാ പഞ്ചായത്ത്		
ആകെ	2495400	400000

വിവിധ ഗഡുക്കളായി ധനസഹായം കൈപ്പറ്റിയവരുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

ഗഡു	ഗുണഭോക്താക്കളുടെ എണ്ണം	ഗഡു സംഖ്യ	ആകെ
I	2	40000	80000
II	1	160000	160000
III	1	100000	100000
IV			
ആകെ			340000*

*60000 രൂപ ലൈഫ് phase 1 ഗുണഭോക്താക്കൾക്ക് നൽകി.

ആകെയുള്ള 2 ഗുണഭോക്താക്കളിൽ 1 ഗുണഭോക്താവ് ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

ഹഡ്കോ ലോൺ ലഭ്യമായതിന്റേയും ചെലവിന്റേയും വിവരം

2018-19 ൽ 11394805 രൂപ ഹഡ്കോയിൽ നിന്ന KURDFC മുഖേന വായ്പ ലഭ്യമായിട്ടുണ്ട്. തുക പഞ്ചായത്തിന്റ SBI യുടെ കുഴൽമന്ദം ബ്രാഞ്ചിലുള്ള അക്കൗണ്ടിൽ നിക്ഷേപിച്ചാണ് ചെലവ് നടത്തുന്നത്. 31-3-2019 വരെ 7274805 രൂപ ലോൺ അക്കൗണ്ടിൽ നിന്നും വിതരണം ചെയ്തിട്ടുണ്ട്.

വായ്പയുടെ തിരിച്ചടവ് ആരംഭിച്ചിട്ടില്ല.

<u>സർക്കാർ വിഹിതം</u>

സർക്കാർ വിഹിതമായി ഓരോ ഗുണഭോക്താവിനും 1 ലക്ഷം രൂപ വീതം ലഭ്യമാകുമെന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. തൻവർഷം സർക്കാരിൽ നിന്നും തുക ലഭ്യമായിട്ടുണ്ട്.

<u>ഭവന നിധി രൂപീകരിച്ചിട്ടില്ല</u>

ലൈഫ് മിഷൻ മാർഗ്ഗരേഖ പ്രകാരം പൊതുജനങ്ങളിൽ നിന്നും മറ്റ് രീതികളിലും ഫണ്ട് സമാഹരിച്ച് സെക്രട്ടറിയുടേയും പ്രസിഡണ്ടിന്റേയും പേരിൽ ഒരു അക്കൗണ്ട് തുടങ്ങുവാൻ നിർദ്ദേശിച്ചിരുന്നു. 10% പേർക്കെങ്കിലും ഈ ഫണ്ടിൽ നിന്നും ഭവന നിർമ്മാണത്തിനായി തുക അനുവദിക്കുവാൻ ശ്രമിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. പഞ്ചായത്തിൽ അത്തരത്തിൽ ഒരു ഭവനനിധി രൂപീകരിച്ചിട്ടില്ല.

<u>ഓഡിറ്റ് നിർദ്ദേശം</u>

1.വിവിധ ഘട്ടങ്ങളിലുള്ള ഭവനങ്ങളുടെ നിർമ്മാണ പൂർത്തീകരണം ഉറപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് പദ്ധതിയുടെ ലക്ഷ്യം കൈവരിക്കേണ്ടതാണ്.

2.സർക്കാരിൽ നിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നും ലഭ്യമാകുവാനുള്ള തുക ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3.പദ്ധതിയുടെ മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

4.പദ്ധതി നടത്തിപ്പിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്.

5.ലൈഫ് മിഷൻ മാർഗ്ഗരേഖയ്ക്കനുസരിച്ചും കാലാകാലങ്ങളിലുള്ള സർക്കാർ ഉത്തരവ് പ്രകാരവും പദ്ധതി പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-39 മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ.

മാഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത ആകെ കുടുംബങ്ങളുടെ എണ്ണം 3966 ആണ്. ഇവർക്കെല്ലാം തന്നെ തൊഴിൽ കാർഡുകൾ ലഭിച്ചവരാണ്. തൻവർഷം 888പദ്ധികൾക്കുള്ള അംഗീകാരം ലഭ്യമാവുകയും പ്രൊജക്റ്റുകൾക്കായി 127440000/-രൂപ(ലേബർ ബജറ്റ്) അടങ്കലായി വകയിരുത്തുകയും ചെയ്തിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽസ്പിൽ ഓവർ ഉൾപ്പെടെ ഏറ്റെടുത്ത പദ്ധതികളിൽ349 എണ്ണം പൂർത്തിയാക്കിയിട്ടുണ്ട്. 2294 കുടുംബങ്ങൾക്ക് തൊഴിൽ ലഭിച്ചതിൽ 77 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ ലഭിച്ചിട്ടുണ്ട്. തൊഴിൽ

ആവശ്യപ്പെട്ടതിന് ശേഷം തൊഴിൽ ലഭ്യമാവാത്തവരും തൊഴിൽ രഹിത വേതനം നൽകപ്പെട്ടവരുമായി ആരുംതന്നെയില്ല.

പ്രവൃത്തികളുമായി ബന്ധപ്പെട്ട് പരാതി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. തൊഴിൽ സ്ഥലങ്ങളിൽ പ്രവൃത്തികളുടെ വിവരം കാണിക്കുന്ന ബോർഡ് സ്ഥാപിക്കുന്നുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ സ്ഥിര ആസ്തികൾ1 എണ്ണം സൃഷ്ടിക്കപ്പെട്ടു. സാധന സാമഗ്രികൾ ആവശ്യമുള്ള1 പ്രവൃത്തി തൻവർഷം ഏറ്റെടുത്തു. പദ്ധതി മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടേയും ചെലവഴിച്ച തുകകളുടേയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു :

പ്രവൃത്തികളുടെ പേര്	നടപ്പിലാക്കിയത്	ചെലവഴിച്ച തുക
ജല സംരക്ഷണം	52	780000
വരൾച്ച തടയൽ	14	140000
ചെറുകിട ജലസേചനം	52	10400000
ഭൂവികസനം	21	4250000
പരമ്പരാഗത ജലസ്രോതസുകളുടെ പുനരുദ്ധാരണം	12	60000
പട്ടിക ജാതി -പട്ടിക വർഗ്ഗക്കാർ തുടങ്ങിയവരുടെ ഭൂമിയിൽ ജല സംരക്ഷണം, ഭൂവികസനം, ലൈഫ് ഗുണഭോക്താക്കൾക്കുള്ള ആനുകൂല്യം	16	2279650
ഭവനം	133	1585350
തോട്	49	5900000
ആകെ	349	25395000

കൂടുതൽ ആസ്തികൾ സൃഷ്ടിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുവാനും പരമാവധി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 ഒന്നുമില്ല.

-

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 ഒന്നുമില്ല

ഭാഗം -4

പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി	സർട്ടിഫിക്കറ്റ് നമ്പർ/ തീയതി
2018-19	5.07.2019 മുതൽ 6.07.2019 വരെ	നം.കെ.എസ്.എ-പി.കെ.ഡി21/997/ 2019(59) തിയതി 26.08.2019

4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്റ്റിന്റെ പേര്	ചെലവ്	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത്	2018-19	1185635	ഉഴവുകൂലി	1150500	35135
		200000	പാൽ സബ്സിഡി	199998	2
		375164	69/19 ലൈഫ്-ജനറൽ	241074	134090
	ആകെ	1760799		1591572	169227
ജില്ലാ പഞ്ചായത്ത്	2018-19	100000	90/19പാൽ സബ്സിഡി	100000	0
		3250000	8/19ഉഴവുകൂലി (ജനറൽ)	2011750	
		100000	10/19ഉഴവുകൂലി (എസ് സി)	100000	0
		558926	69/19ലൈഫ്-ജനറൽ	558926	0
		200000	95/19 വികലാംഗ സ്കോളർഷിപ്പ്	200000	0
	ആകെ	2970676		2970676	0

4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	ബിൽ/ ചെക്ക് നമ്പർ	മുൻകൂർ നൽകിയ തുക	ചെല വഴിച്ച തുക	ബാക്കി
കെ.എസ്. ഇ.ബി	18/19-വിവിധ വാർഡിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ	34/19 തീ 30.11.18	672736	712974	0
		39/19 തീ 14.1.19	14400		
		40/19 തീ 14.1.19	25838		
			ആകെ 712974		
കെ.എസ്. ഇ.ബി	93/19 വിവിധ എസ് സി കോളനികളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ	35/19 തീ 15.12.18	244992	267860	0
		46/19 തീ 21.02.19	22868		
			ആകെ 267860		
കെ.എസ്. ഇ.ബി	72/19 വിവിധ വൈദ്യുത പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ	30/19 തീ 22.10.18	39964	55164	0
		45/19 തീ 21.02.19	15200		
			ആകെ55164		

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ /തിയ്യതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ഇ.എം.എസ് ഭവന പദ്ധതി	സ.ഉ(സാധാ) നം. 957/10 തിയതി 20-3-2010	6863000	2010224	300000	-	1710224
ലൈഫ്-KURDFC വായ്പ	KURDFC/ / /2018	13834105	0	0	0	13834105

4-6. സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 1290 രൂപ ഈടാക്കിയിട്ടുണ്ട്. ആയതിന്റെ വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

റിപ്പോർട്ട് വർഷം	ഖണ്ഡിക നം.	തുക	രസീതി നം. / തിയതി	തുക ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യാഗപേരും

2017-18	2-9 ഡി	250	118020106136 /16.03.2019	മണികണ്ഠൻ കെ സി പ്യൂൺ
	2-9 ഡി	120	118020106182 /20.03.2019	ഇന്ദു ഇ ആർ PNY Sabha
	2-9 ഡി	150	118020106271 /22.03.2019	രാധാകൃഷ്ണൻ കെ എം പരുത്തിപ്പുള്ളി
	2-9 ഡി	650	118020500024 /25.03.2019	അഞ്ജു PNB പെരിങ്ങോട്ടുകുർശി
	2-9 ഡി	120	118020106337 /25.03.2019	ഭാവന PNY Sabha
ആകെ		1290		

4-8. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഒന്നുമില്ല.

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പെടെ)	101670207
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	86986139
[illegible]	[illegible]

വരവിനങ്ങളിലുള്ള നഷ്ടം	ഒന്നുമില്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	111627
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	ഒന്നുമില്ല

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ്ജ് ചെയ്യാവുന്നവ	സർചാർജ്ജ് ചെയ്യാവുന്നവ	
ഒന്നുമില്ല			

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-17	15660	ശ്രീമതി. കെ. സ്മിത അസിസ്റ്റന്റ് സെക്രട്ടറി
1-19	94596	ശ്രീമതി വിദ്യ കെ കെ അസിസ്റ്റന്റ് എഞ്ചിനീയർ
1-21	1371	ശ്രീ.എം. രാമൻകുട്ടി സെക്രട്ടറി
ആകെ	111627	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ഒന്നുമില്ല	

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഖണ്ഡിക നമ്പർ	തുക	ഇനം	കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-23	4820	നിർമ്മാണ തൊഴിലാളി ക്ഷേമനിധി	സംസ്ഥാന സർക്കാർ	ശ്രീ.എം. രാമൻകുട്ടി സെക്രട്ടറി
1-18	10000	നിർമ്മാണ തൊഴിലാളി ക്ഷേമനിധി	സംസ്ഥാന സർക്കാർ	ശ്രീ ബാബു സെക്രട്ടറി
ആകെ	14820			

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഒന്നുമില്ല

<u>(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീമതി. കെ. സ്മിത അസിസ്റ്റന്റ് സെക്രട്ടറി	അസിസ്റ്റന്റ് സെക്രട്ടറി പെരുങ്ങോട്ടുകുർശ്ശി ഗ്രാമപഞ്ചായത്ത്	കൗസ്തുഭം കണ്ണാടി പാലക്കാട്
ശ്രീ.എം. രാമൻകുട്ടി സെക്രട്ടറി	പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,പാലക്കാട്	കുണ്ടുപറമ്പിൽ ,അത്തിപ്പൊറ്റ പാലക്കാട്
ശ്രീമതി വിദ്യ കെ കെ അസിസ്റ്റന്റ് എഞ്ചിനീയർ	അസി.എഞ്ചിനിയർ പെരുങ്ങോട്ടുകറിശ്ശി പഞ്ചായത്ത്	കാളൻ ഹൌസ് വി.ടി.നന്ദകുമാർ റോഡ് പുല്ലൂട്ട് പി ഒ കൊടുങ്ങല്ലൂർ-തൃശ്ശൂർ

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന

റിപ്പോർട്ടുകൾ

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1996-97	എൽ.എഫ്.പി 7-303/98/09.07.98	2
1997-98	എൽ.എഫ്.പി 9419/99/04.11.99	12
1998-99	എൽ.എഫ്.പി -15/364/03/ 13.08.2003	14
1999-2000	എൽ.എഫ്.പി -15/210/09/04.05.2009	12
2000-01	എൽ.എഫ്.പി -15-518/2009/7.01.2011	7
2001-02	എൽ.എഫ്.പി -15-1002/2006/24.06.2008	12
2002-03	എൽ.എഫ്.പി -15/1663/2011/18.10.2011	3
2003-04	എൽ.എഫ്.പി -15/1642/2008/04.06.2010	6
2004-05	എൽ.എഫ്.പി -15-1665/2011/18.10.2010	4
2005-06	എൽ.എഫ്.പി -15-205/2011/05.03.2011	2
2006-07	എൽ.എഫ്.പി -15-1645/2008/04.06.2010	2
2007-08	എൽ.എഫ്.പി -സ്പെ.സെൽ/സി.എസ്.സി/ഡി3/2013/25.05.2014	2
2008-09	എൽ.എഫ്.പി -15/560/2013/23.10.2013	2
2009-10	എൽ.എഫ്.പി -15/952/2010/31.08.2010	2
2010-11	എൽ.എഫ്.പി	5

	-15/357/2014/05.07.2014	
2011-12	എൽ.എഫ്.പി -15/357/2014/05.07.2014	3
2012-13	കെ.എസ്.എ/ പി.കെ.ഡി-15/809/2017/7.12.2017	2
2013-14 & 2014-15	കെ.എസ്.എ/ പി.കെ.ഡി-15/1135/2017/19.01.2018	7
2015-16	കെ.എസ്.എ/ പി.കെ.ഡി-15/212/2016/9.05.2017	7
2016-17	കെ.എസ്.എ/ പി.കെ.ഡി-15/1963/2017/7.03.18	15
2017-18	കെ.എസ്.എ/ പി.കെ.ഡി-15/2422/2018/13.02.2019	18

ഡെപ്യൂട്ടി ഡയറക്ടർ.

അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-പികെഡി.21/997/2019(59)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തിയതി: 26-8-2019

Phone No.04912520145

e-mail. dopkd.ksad@kerala.gov.in

ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും, ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലി നായി കംപ്ട്രോളർ

ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ പെരുങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 31-3-2019 ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അനുബന്ധമായി കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പെരുങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്, ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

<u>2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ</u>

1. RP31 പ്രകാരം MNREGS ഭരണച്ചെലവിൽ 1554 രൂപ കുറവായാണ് കാണിച്ചിട്ടുള്ളത്.

2. സചിത്ര സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ആസ്തി രജിസ്റ്ററിൽ 31-3-2016 വരെ ഡാറ്റാ എൻട്രി നടത്തിയിട്ടുണ്ടെങ്കിലും സാംഖ്യയുമായി ബന്ധിപ്പിക്കാത്തതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തി മൂല്യത്തിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

3. ഡെപ്പോസിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4. സഞ്ചയ പ്രകാരം തൻവർഷത്തെ വസ്തു നികുതി ഡിമാന്റ് തുക 2408721 രൂപയാണ്. വാർഷിക കണക്ക് പ്രകാരം 2311067 രൂപയുമാണ്.

സഞ്ചയ പ്രകാരം കളക്ഷൻ 2339907 രൂപയാണ്. വാർഷിക കണക്ക് പ്രകാരം 2203656 രൂപയുമാണ്. വ്യത്യാസം വിശദീകരിച്ചിട്ടില്ല.

5. വാർഷിക കണക്കിലെ B18 പത്രിക പ്രകാരം MNREGS ന് നൽകിയ മുൻകൂർ തുകയിൽ തിരികെ ലഭിക്കുവാൻ അവശേഷിക്കുന്ന തുക 437762 രൂപയാണ്. മുൻകൂർ രജിസ്റ്ററിൽ വിശദാംശങ്ങൾ ചേർത്തിട്ടില്ല.

MNREGS സെക്ഷനിലെ രജിസ്റ്റർ പ്രകാരം 577755 രൂപ തിരികെ നൽകുവാനായി രേഖപ്പെടുത്തിയിട്ടുണ്ട്. 139993 രൂപ കുറവായി കാണിച്ചത് വിശദീകരിച്ചിട്ടില്ല.

6. വാർഷിക കണക്ക് പ്രകാരം ബ്ലോക്ക് ഷെയർ, ജില്ലാ പഞ്ചായത്ത് ഷെയർ ജോയിന്റ് വെഞ്ചർ അക്കൗണ്ടിലെ നീക്കിയിരിപ്പ് B4 പത്രിക പ്രകാരം 146592 രൂപയാണ്. B17, RP40(b) പത്രികകൾ പ്രകാരം നീക്കിയിരിപ്പ് 169227. വ്യത്യാസം വിശദീകരിച്ചിട്ടില്ല.

7. ജോയിന്റ് വെഞ്ചർ പദ്ധതികൾ പ്രകാരം ബ്ലോക്ക് ഷെയർ, ജില്ലാ പഞ്ചായത്ത് ഷെയർ ആയി ലഭിച്ച തുകകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പിന്റെ വിവരം കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല.

8. ഐ.സി.ഡി.എസ് കേന്ദ്രവിഹിതം, ശുചിത്വ മിഷൻ ഫണ്ട് എന്നിവയുടെ വരവ്, ചെലവ്, നീക്കിയിരിപ്പിന്റെ വിവരം കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD.21/997/2019(59)

District Audit Office, Palakkad

Date: 28-8-2019

Phone No.04912520145

e-mail. dopkd.ksad@kerala.gov.in

Audit Certificate

Certified that I have examined the Annual Financial Statement of Perungottukurissi Gramapanchayat in Palakkad District for the year ended on 31-3-2019 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215(6) of the Kerala Panchayat Raj Act 1994, the Rules made there under and the Guidelines issued by the Comptroller and Auditor General of India for the Cetification of Accounts of Panchayat Raj Institutions.

In my opinion, the Financial Statements of Perungottukurissi Gramapanchayat for the year 2018-19 subject to the observations in the Annexure, property presents the picture of income, expenditure and closing balance.

Deputy Director

Annexure – 1

Abstract Defects/Discrepancies

1. An amount of ₹ 1554 is short in RP-31.2.

2. Since Sachithra Software is not linked with Sankhya, accuracy of asset value shown in balance sheet could not be ascertained.

3. Entries of Deposit register not certified by the Secretary.

4. Property Tax demand as per Sanchaya is ₹2408721 and that as per AFS is ₹ 2311067. Property Tax collection as per Sanchaya is ₹2339907 and that as per AFS is ₹2203656. Difference could not be explained.

5. As per B18 statement the amount to be received in respect of advance given to MNREGS is ₹437762. Details of the same is not shown in Advance register.

As per the register kept with the MNREGS section the amount is shown as ₹577755. The difference of ₹139993 could not be explained.

6. The balance of Block panchayat share and District panchayat share in respect of Joint Venture account as per B4 statement is ₹ 146592. But the balance as per B17, RP40(b) statements is 169227. Reason for the difference is not explained.

7. The receipt, expenditure, balance details of Joint Venture Schemes in respect of Bloack panchayat share and District Panchayath share not maintained properly.

8. The receipt, expenditure, balance details of ICDS central share, Suchithwa Mission fund not maintained properly.

Deputy Director

അനുബന്ധം-2 വിവിധ പത്രികകൾ

Peringottukurissi Grama Panchayat BALANCE SHEET			
For the period from 01-April-2018 to 31-March-2019			
Code.No	Description of Items	Schedule No	Amount
	LIABILITIES		
	Reserve & Surplus		
310000000	Panchayat / Municipal Fund	B-1	55207990.80
311000000	Earmarked Funds - Special Funds/Sinking Fund/Trust or Agency Fund	B-2	7571.00

312000000	Reserves	B-3	106984192.00
	Total Reserve & Surplus		**162199753.80**
	Grants, Contributions for Specific Purposes		
320000000	Grants, Funds & Contribution for Specific Purposes	B-4	12130845.00
	Total Grants, Contributions for Specific Purposes		**12130845.00**
	Loans		
330000000	Secured Loans	B-5	13104329.00
	Total Loans		**13104329.00**
	Current Liabilities & Provisions		
340000000	Deposits Received	B-7	278406.00
350000000	Other Liabilities	B-9	1003489.20
	Total Current Liabilities and Provisions		**1281895.20**
	TOTAL LIABILITIES		**188716823.00**
	ASSETS		
	Fixed Assets		
410000000	Fixed Assets	B-11	159948879.00
412000000	Capital Work in Progress	B-11(a)	0.0
	Total Fixed Assets		**159948879.00**
	Investments		
	Current Assets, Loans and Advances		
431000000	Sundry Debtors (Receivables)	B-15	535585.00
440000000	Pre-paid Expenses	B-16	13104329.00
450000000	Cash and Bank Balance	B-17	14684068.00
460000000	Loans, Advances and Deposits	B-18	443962.00
	Total Current Assets, Loans and Advances		**28767944.00**
	Other Assets		
	Miscellaneous Expenditure (To the Extent not written off)		

TOTAL ASSETS	**188716823.00**

Peringottukurissi Grama Panchayat
INCOME & EXPENDITURE STATEMENT

For the period from 01-April-2018 to 31-March-2019

Code.No	Description of Items	Schedule No	Amount
	INCOME		
110000000	Tax Revenue	I-1	2637053.00
130000000	Rental Income from Panchayat / Municipal Properties	I-3	348492.00
140000000	Fee & User Charges	I-4(b)	333071.00
150000000	Sale & Hire Charges	I-5(b)	202830.00
160000000	Revenue Grants, Funds, Contributions & Compensations / Subsidies	I-6	125683669.00
171000000	Interest Earned	I-8	211490.00
180000000	Other Income	I-9	8439.00
	Total Income		**129425044.00**
	EXPENDITURE		
210000000	Establishment Expenses	I-10(b)	8697043.00
220000000	Administrative Expenses	I-11(b)	1363621.00
230000000	Operations & Maintenance	I-12(b)	2550491.00
240000000	Interest & Finance Charges	I-13	1582.00
250000000	Decentralised Plan Programme-Productive Sector / Programme Expenses	I-14	8830627.00
251000000	Decentralised Plan Programme-Service Sector	I-14(a)	43054366.00
252000000	Decentralised Plan Programme-Infrastructure Sector	I-14(b)	4533245.00
253000000	Decentralised Plan Programme-Projects not included in Sector Division	I-14(c)	296013.00
254000000	Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme)	I-14(d)	53380606.00
255000000	Maintenance Projects	I-14(e)	7503590.00
256000000	Other Revenue Grants and Funds - Revenue Expenses	I-15(a)	619355.00
	Total Expenditure		**130830539.00**
	Gross Surplus/ Deficit of income over Expenditure		**-1405495.00**
280000000	Prior Period Item	I-18	-386960.00

	Gross Surplus/Deficit of Income over Expenditure after prior period items.		**-1018535.00**
290000000	Transfer to Reserve Funds	I-18(a)	0.0

Peringottukurissi Grama Panchayat
RECEIPT & PAYMENT STATEMENT

For the period from 01-April-2018 to 31-March-2019

Code.No	Description of Items	Schedule No	Amount
	RECEIPTS		
	Opening Balance		
Bank	Bank	RP-40(a)	2921029.00
Cash	Cash	RP-40(a)	31894.00
	Operating		
110000000	Tax Revenue	RP-1	764900.00
140000000	Fees & User Charges	RP-4	285271.00
150000000	Sale & Hire Charges	RP-5	202830.00
160000000	Revenue Grants, Funds, Contributions & Compensations	RP-7	62599451.00
171000000	Interest Earned	RP-9	213379.00
311000000	Earmarked Funds	RP-29	0.0
320000000	Grants, Funds & Contributions for Specific Purposes	RP-31	16742205.00
350000000	Other Liabilities	RP-36	606743.00
	Non Operating		
180000000	Other Income	RP-10	8439.00
320000000	Grants, Funds & Contributions for Specific Purposes	RP-31	12000.00
330000000	Secured Loans	RP-32	11394105.00
340000000	Deposits Received	RP-34	82704.00
350000000	Other Liabilities	RP-36	471006.00
431000000	Sundry Debtors (Receivables)	RP-43	4745378.00
460000000	Loans, Advances and Deposits	RP-47	588873.00
	Grand total		**101670207.00**
	PAYMENTS		
	Operating		
210000000	Establishment Expenses	RP-11	3065379.00
220000000	Administrative Expenses	RP-12	1363621.00
230000000	Operations & Maintenance	RP-13	2550491.00
250000000	Decentralised Plan Programme- Productive Sector	RP-15	8432627.00
251000000	Decentralised Plan Programme- Service Sector	RP-16	16585024.00
252000000	Decentralised Plan Programme- Infrastructure Sector	RP-17	4233245.00
253000000	Decentralised Plan Programme- Projects not included in Sector Division	RP-18	296013.00
254000000	Expenditures of Transferred institutions and State Sponsored Schemes	RP-19	4281806.00
255000000	Maintenance Projects	RP-20	7503590.00
256000000	Other Revenue Grants and Funds - Revenue Expenses	RP-21	619355.00
280000000	Prior Period item	RP-26	48968.00
320000000	Grants, Funds & Contributions for Specific Purposes	RP-31	142250.00
350000000	Other Liabilities	RP-36	4561266.00
	Non Operating		
240000000	Interest & Finance Charges	RP-14	1582.00
280000000	Prior Period Item	RP-26	-2980.00
330000000	Secured Loans	RP-32	300000.00
340000000	Deposits Received	RP-34	92000.00
350000000	Other Liabilities	RP-36	1557291.00
410000000	Fixed Assets	RP-38	6733182.00
412000000	Capital work in Progress	RP-40	12231314.00
440000000	Pre-paid Expenses	RP-45	11394105.00
460000000	Loans, Advances and Deposits	RP-47	996010.00
	Closing Balance		
Bank	Bank	RP-40(b)	14546548.00
Cash	Cash	RP-40(b)	137520.00

	Grand Total	**101670207.00**